# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 19 | ലക്കം 6 | പേജ് 6 | ജനുവരി 16 – 31



2 കൈത്താളവും കൈകൊട്ടിക്കളിയും

3 വട്ടശ്ശേരിൽ തിരുമേനി ഒരു കാലഘട്ടത്തിന്റെ പുണ്യം

4 ധ്യാനപംക്തി

5 ഭ്രാന്തൻ സമൂഹത്തിലെ കിറുക്കൻ കാഴ്ചകൾ


## ആഘോഷങ്ങൾക്കും ആർഭാടങ്ങൾക്കുമുപരി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകണം : പ.കാതോലിക്കാ ബാവാ

മല്ലപ്പള്ളി : ആഘോഷങ്ങളേക്കാളും ആർഭാടങ്ങളേക്കാളും ഇടവകകളും സഭയും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകണമെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. പാതിക്കാട് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ 125-ാം വാർഷിക ആഘോഷങ്ങളുടെ (ശതോത്തര രജതജൂബിലി) സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പ.കാതോലിക്കാ ബാവാ. ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് പാതിക്കാട് ഇടവക നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങളെ പ.കാതോലിക്കാ ബാവാ അഭിനന്ദിച്ചു. സമ്മേളനത്തിൽ നിരണം ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. നിയമസഭാ ചീഫ് വിപ്പ് പി.സി.ജോർജ് മുഖ്യപ്രഭാഷണം നടത്തി. മാർത്തോമ്മാസഭയുടെ ഡോ.മാത്യൂസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ഇടവക ഡയറക്ടറി പ്രകാശനം ചെയ്തു. ആന്റോ ആന്റണി എം.പി., മാത്യു റ്റി.തോമസ് എം.എൽ.എ., ജോസഫ് എം. പുതുശ്ശേരി, ഭദ്രാസന സെക്രട്ടറി ഫാ.അലക്സാണ്ടർ ഏബ്രഹാം, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റെജി തോമസ്, ഫാ.ജോജി എം.ഏബ്രഹാം, ഫാ.എ.പി.തോമസ്, ഫാ.ജോൺ മാത്യു (ഇടവക വികാരി), ജോജി കെ.ജേക്കബ് (ജൂബിലി കൺവീനർ) തുടങ്ങിയവർ പ്രസംഗിച്ചു.

ജൂബിലി സമ്മേളനത്തിനു മുന്നോടിയായി മല്ലപ്പള്ളി ബഥനി പള്ളിയിൽനിന്ന് പ.കാതോലിക്കാ ബാവായെയും വിശിഷ്ടാഥിതികളെയും സ്വീകരിച്ച് പാതിക്കാട് പള്ളിയിലേക്ക് വാദ്യമേളങ്ങളോടെ വർണ്ണശബളമായ ഘോഷയാത്ര നടന്നു. വിവിധ രാഷ്ട്രീയ സാമൂഹിക സാംസ്ക്കാരിക സംഘടനകളുടെ നേതൃത്വത്തിൽ മല്ലപ്പള്ളി ജംഗ്ഷനിൽ പ.കാതോലിക്കാ ബാവായ്ക്കും ഘോഷയാത്രയ്ക്കും ആവേശോജ്ജ്വലമായ സ്വീകരണം നൽകി.

## ഓർത്തഡോക്സ് സഭ സാമ്പത്തിക – വിദ്യാഭ്യാസ കാര്യങ്ങളിൽ സമ്പന്നം; രാഷ്ട്രീയകാര്യത്തിലും സമ്പന്നമാകണം : പി.സി.ജോർജ്

മല്ലപ്പള്ളി : മലങ്കര ഓർത്തഡോക്സ് സഭ സാമ്പത്തിക സംസ്ക്കാരവും വിദ്യാഭ്യാസ സംസ്ക്കാരവും വളർത്തിയെടുത്തിട്ടുണ്ട്. ഈ രണ്ടു കാര്യങ്ങളിലും സഭ ഇപ്പോൾ സമ്പന്നമാണ്. എന്നാൽ യഥാർത്ഥത്തിലുള്ള ഒരു രാഷ്ട്രീയ സംസ്ക്കാരം വളർത്തിയെടുക്കാനും അക്കാര്യത്തിൽ സമ്പന്നമാകാനും ഓർത്തഡോക്സ് സഭയ്ക്ക് സാധിച്ചിട്ടില്ലെന്ന് നിയമസഭാ ചീഫ് വിപ്പ് പി.സി.ജോർജ് എം.എൽ.എ. പറഞ്ഞു. ശരിയായ രാഷ്ട്രീയ പിൻബലമില്ലാത്തതുകൊണ്ടായിരിക്കാം പല രംഗത്തും മലങ്കര ഓർത്തഡോക്സ് സഭ പിന്തള്ളപ്പെടുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സഭയെ സ്നേഹിക്കുന്നവരും സഭയ്ക്കുവേണ്ടി നിലപാടുകൾ സ്വീകരിക്കുന്നവരുമായ രാഷ്ട്രീയക്കാർ സഭയ്ക്കുള്ളിൽനിന്നുതന്നെ വളർന്നുവരാൻ സഭ ശ്രദ്ധിക്കണമെന്നും അതിനുവേണ്ട ശ്രമം ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മല്ലപ്പള്ളി പാതിക്കാട് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഇടവക ജൂബിലി സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു നിയമസഭ ചീഫ് വിപ്പ്.

## യു.കെ., യൂറോപ്പ്, ആഫ്രിക്ക ഭദ്രാസന കുടുംബസമ്മേളനം




വെൺമണി മിനോറ സെന്ററിൽ നടന്ന യു.കെ.യൂറോപ്പ്, ആഫ്രിക്ക ഭദ്രാസന കുടുംബസംഗമത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ.മാത്യൂസ് മാർ തീമോത്തിയോസ് പ്രസംഗിക്കുന്നു. വൈദികസെമിനാരി പ്രിൻസിപ്പാൾ ഫാ.ഡോ.ജേക്കബ് കുര്യൻ മുഖ്യ പ്രഭാഷണം നടത്തി.

## മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ ആരംഭിച്ചു

### തിന്മയോട് തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക (റോമർ 12:21)

പത്തനംതിട്ട : മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷന്റെ 96-ാമത് സമ്മേളനം മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ മൈതാനിയിൽ ജനുവരി 18 മുതൽ 24 വരെ നടക്കുകയാണ്. തിന്മയോട് തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക എന്നതാണ് ഈവർഷത്തെ മുഖ്യ ചിന്താവിഷയം. ജനുവരി 20-ാം തീയതി ഞായറാഴ്ച വി. അഞ്ചിന്മേൽ കുർബ്ബാനയ്ക്കു ശേഷംയൂഹാനോൻ മാർ പോളീകാർപ്പോസ് മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. 18-ാം തീയതി നടക്കുന്ന വനിതാ സമ്മേളനത്തിൽ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. 19-ാം തീയതി നടക്കുന്ന യുവതീസംഗമത്തിൽ യൂഹാനോൻ മാർ പോളീകാർപ്പോസ് മെത്രാപ്പോലീത്തായും 21-ാം തീയതി നടക്കുന്ന പ്രാർത്ഥനായോഗ സംഗമത്തിൽ വെരി.റവ.യാക്കോബ് റമ്പാൻ കോർ എപ്പിസ്കോപ്പയും അദ്ധ്യക്ഷത വഹിക്കും. വിവിധ സമ്മേളനങ്ങളിൽ മെത്രാപ്പോലീത്തന്മാരായ ഡോ.തോമസ് മാർ അത്താനാസിയോസ്, ഡോ.മാത്യൂസ് മാർ സേവേറിയോസ്, ഡോ.യൂഹാനോൻ മാർ തേവോദോറോസ്, യാക്കോബ് മാർ ഏലിയാസ്, ഡോ.ജോഷ്വാ മാർ നിക്കോദിമോസ്, ഡോ.സഖറിയാസ് മാർ അപ്രേം, ഡോ.ഗീവർഗീസ് മാർ യൂലിയോസ്, ഡോ.ഏബ്രഹാം മാർ സെറാഫിം തുടങ്ങിയവർ നേതൃത്വം നൽകും. കൺവൻഷന്റെ പ്രധാന ദിവസമായ മൂന്നുനോമ്പിന്റെ നടുവിലെ മൂന്നുദിവസം പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുഗ്രഹപ്രഭാഷണം നടത്തും. വെരി.റവ.ഫാ.ജോസഫ് സാമുവൽ കറുകയിൽ കോർ എപ്പിസ്കോപ്പാ പ്രസംഗിക്കും.

"വി.മൂന്നുനോമ്പിൽ വ്രതനിഷ്ഠയോടും ഭക്തിയോടുംകൂടി എല്ലാ വിശ്വാസികളും മാക്കാംകുന്നിൽ സമ്മേളിക്കണമെന്ന് പ്രത്യേകം താൽപര്യപ്പെടുന്നു. ഇത് കേവലം ഒരു കൺവൻഷൻ മാത്രമായി കാണാതെ ദൈവ സാന്നിധ്യം അനുഭവിച്ചറിയുന്നതിനുള്ള ഒരു തീർത്ഥാടനം കൂടിയാണെന്നു മനസ്സിലാക്കുക. ധ്യാന - സുവിശേഷയോഗങ്ങൾ, വി.അഞ്ചിന്മേൽ കുർബ്ബാന, ആദ്ധ്യാത്മിക സംഘടനാസംഗമങ്ങൾ, സമർപ്പണ - അനുതാപ ശുശ്രൂഷകൾ, സൗഖ്യദാന മദ്ധ്യസ്ഥ പ്രാർത്ഥന, കുടുംബസമ്മേളനം, കൗൺസലിംഗ്, ഗാനശുശ്രൂഷ എന്നിവ ഈ വർഷത്തെ കൺവൻഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു": **തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലിമ്മീസ്**

## അഹമ്മദാബാദ് ഭദ്രാസനകേന്ദ്രം രണ്ടാംഘട്ട നിർമ്മാണം ആരംഭിച്ചു

അഹമ്മദാബാദ് : അഹമ്മദാബാദ് ഭദ്രാസന കേന്ദ്രത്തോട് അനുബന്ധിച്ച് നിർമ്മിക്കുന്ന ഗാന്ധിസ്മരൺ മന്ദിരത്തിന്റെ ശിലാസ്ഥാപനം ഭദ്രാസന മെത്രാപ്പോലീത്താ ഡോ.ഗീവർഗീസ് മാർ യൂലിയോസ് നിർവ്വഹിച്ചു. അഹമ്മദാബാദ് സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിന്റെ നരോഡയിലുള്ള ഹയർസെക്കണ്ടറി സ്ക്കൂളിനോടനുബന്ധിച്ചുള്ള സെന്റ് തോമസ് ചാപ്പലും അതിനോടുചേർന്നുള്ള കെട്ടിട സമുച്ചയത്തിലാണ് മെത്രാപ്പോലീത്തായുടെ അരമനയും ഭദ്രാസനഓഫീസും പ്രവർത്തിക്കുന്നത്. അതിനോട് ചേർന്നാണ് ഗാന്ധിസ്മരൺ മലങ്കര ഓർത്തഡോക്സ് സെന്റർ എന്ന പേരിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. നിർമ്മാണം പൂർത്തിയാകുമ്പോൾ അരമനയും ഭദ്രാസനകേന്ദ്രവും ഗസ്റ്റ്ഹൗസുകളും എല്ലാം ഈ കെട്ടിടസമുച്ചയത്തിലുണ്ടാകും. മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന കല്ലിടീൽ കർമ്മത്തിൽ വെരി.റവ.കെ.ഐ.ഫിലിപ്പ് റമ്പാൻ, വെരി.റവ.മുളമൂട്ടിൽ യൗനാൻ കോർഎപ്പിസ്കോപ്പാ, കോശി പ്ലാമൂട്ടിൽ കോർഎപ്പിസ്കോപ്പാ, ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ.ഡോ.എം.ഒ.ജോൺ, ഫാ.റ്റിജു വി.ഐപ്പ്, ഫാ.റോയി പി.തോമസ്, ഫാ.വർഗീസ് മാത്യു തുടങ്ങിയവർ സംബന്ധിച്ചു.

## അഹമ്മദാബാദ് ഭദ്രാസനത്തിന്റെ വളർച്ച അഭിനന്ദനാർഹം : ഫാ.ഡോ.എം.ഒ.ജോൺ

അഹമ്മദാബാദ് : വളരെ ചെറിയ സമയംകൊണ്ട് അഭിനന്ദനാർഹമായ പുരോഗതിയാണ് അഹമ്മദാബാദ് ഭദ്രാസനത്തിന് കൈവരിക്കാൻ സാധിച്ചതെന്ന് ഫാ.ഡോ.എം.ഒ.ജോൺ പറഞ്ഞു. അഹമ്മദാബാദ് സെന്റ് മേരീസ് കത്തീഡ്രലിൽ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടന്ന പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ഫാ.ഡോ.എം.ഒ.ജോൺ. ഭദ്രാസനത്തിന്റെ പുരോഗമനപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും വൈദികരും ഭദ്രാസന നേതൃത്വവും അഭിനന്ദനം അർഹിക്കുന്നതായും അദ്ദേഹം പറഞ്ഞു. പല സംസ്ഥാനങ്ങളിൽനിന്നും പല ഭദ്രാസനങ്ങളിൽനിന്നും ഉള്ള ഇടവകകൾ ചേർത്ത് കേരളത്തിൽനിന്ന് വളരെ വിദൂരമായ പ്രദേശത്ത് ഒരു ഭദ്രാസനം ഉണ്ടാക്കിയപ്പോൾ പല ആശങ്കകളും ഭദ്രാസന പുനർവിഭജന കമ്മിറ്റിക്കുണ്ടായിരുന്നതായും എന്നാൽ ആ ആശങ്കകളെയൊക്കെ അതിജീവിച്ച് ഭദ്രാസനം മുന്നേറുന്നത് സഭയുടെ വളർച്ചയ്ക്ക് പ്രയോജനകരമായി എന്നും അദ്ദേഹം പറഞ്ഞു.

# കൈത്താളവും കൈകൊട്ടിക്കളിയും

ഫാ.സി.ഡി.തോമസ് വടകോട്

**(പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിലേക്ക് അടുത്തകാലത്ത് മാറിപ്പോയ മേരിക്കുട്ടി ഒരു വൈദികന്റെ ഭവനത്തിൽ ചെന്നപ്പോഴുണ്ടായ സംഭാഷണം)**

അച്ചൻ : ആരാ മേരിക്കുട്ടിയോ? വന്നാട്ടെ (എതിർവശത്തെ കസേര ചൂണ്ടി) ഇരുന്നോളൂ.

മേരിക്കുട്ടി : നല്ല ക്ഷീണമുണ്ട്. യോഗം കഴിഞ്ഞുവരികയാ. (മേരിക്കുട്ടി ഇരിക്കുന്നു)

അച്ചൻ : അതെന്താ ക്ഷീണം? നിങ്ങളുടെ സഭായോഗം കഴിഞ്ഞാൽ മുടിഞ്ഞ തീറ്റയല്ലേ?

മേരിക്കുട്ടി : അച്ചൻ കളിയാക്കുകയൊന്നും വേണ്ട. സ്തോത്രം.

അച്ചൻ : ചക്കയുള്ള വീട്ടിൽ ഞങ്ങൾ യോഗം ചേരുമേ, കൊത്തനായാലും ശരി തിന്നു കൊള്ളാമേ എന്നല്ലേ നിങ്ങൾ പണ്ട് പാടിയിരുന്നത്.

മേരിക്കുട്ടി : ഞങ്ങൾ പറയുന്നത് അന്യഭാഷയാ. അച്ചന് മനസിലാവിയേല.

അച്ചൻ : സഹോദരീ, നിങ്ങൾ എന്തിനാണ് പാട്ടുപാടുമ്പോഴും പ്രസംഗിക്കുമ്പോഴും ഉറക്കെ കയ്യടിക്കുന്നത്? ചിലപ്പോൾ കൂവലും അലർച്ചയും ഒക്കെ കേൾക്കാമല്ലോ. പരിശുദ്ധാത്മാവ് വരുന്നതാണോ (മേരിക്കുട്ടി അല്പം പരിഹാസത്തോടെ അച്ചനെ നോക്കുന്നു)

മേരിക്കുട്ടി : നിങ്ങൾ യാക്കോബക്കാർ ബൈബിൾ പഠിക്കുന്നില്ല, പഠിപ്പിക്കുന്നുമില്ല. പഴയ പാരമ്പര്യവും കുർബ്ബാനയും ഒക്കെ മാത്രംകൊണ്ട് നടന്നാൽ രക്ഷപെടത്തില്ല. അതിന് വചനം പഠിക്കണം.

അച്ചൻ : ഞങ്ങൾ യാക്കോബായക്കാരല്ല. അത് പാത്രിയർക്കീസ് വിഭാഗക്കാരാണ്. ഇന്നവർ പുത്തൻകുരിശ് സൊസൈറ്റിക്കാരാ. ഞങ്ങൾ ഓർത്തഡോക്സുകാരാണ്. അതുപോകട്ടെ, ബൈബിളിൽ കയ്യടിച്ച് പാട്ടുപാടണം എന്ന് എവിടെയാണ് എഴുതിയിരിക്കുന്നത് (മേരിക്കുട്ടിയുടെ മുഖത്ത് പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം)

മേരിക്കുട്ടി : തിരുവചനത്തിൽ എഴുതിയിരിക്കുന്നതല്ലാതെ ഞങ്ങൾ ഒന്നും ചെയ്യാറില്ല. സത്യവേദപുസ്തകത്തിൽനിന്ന് വള്ളിയോ പുള്ളിയോ മാറ്റുവാൻ ഒരാൾക്കും അവകാശമില്ല. അച്ചന്റെ ചോദ്യത്തിനുത്തരം സങ്കീ.150:5ലുണ്ട്. വായിക്കുമ്പോൾ കാണാം. (അച്ചൻ മേശപ്പുറത്തിരുന്ന ബൈബിളെടുത്ത് ഉറക്കെ വായിക്കുന്നു) ഉച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ, അത്യുച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ

വായിച്ചുതീരുന്നതിനു മുമ്പെതന്നെ മേരിക്കുട്ടിയുടെ വിശദീകരണം വന്നു.

മേരിക്കുട്ടി : കണ്ടോ കണ്ടോ ദൈവത്തെ സ്തുതിക്കേണ്ടത് കൈത്താളങ്ങളോടെയാണ്. അത് ഒരുപോലെ ഉറക്കെ അടിച്ചുപാടുമ്പോൾ ദൈവം പ്രസാദിക്കും. പരിശുദ്ധാത്മാവ് ഇറങ്ങിവരും. ങ്ഹാ! (അച്ചന് ചിരിയടക്കാനായില്ല)

അച്ചൻ : വചനം പഠിക്കുന്നത് നല്ലതുതന്നെ. പക്ഷെ ഇങ്ങനെ പഠിച്ചാൽ തരക്കേടില്ല. മേരിക്കുട്ടി ചോദ്യരൂപത്തിൽ അച്ചനെ നോക്കുന്നു.

അച്ചൻ : എന്താണ് കൈത്താളം? ഉച്ചനാദവും അത്യുച്ചനാദവും തമ്മിലുള്ള വ്യത്യാസമെന്ത്? അതൊക്കെ ചിന്തിച്ചിട്ടുണ്ടോ?

മേരിക്കുട്ടി : ഹോ അതിലെന്താ ഇത്ര ചിന്തിക്കാൻ, കൈത്താളമെന്നാൽ കൈകൾകൊണ്ട് അടിച്ചുണ്ടാക്കുന്ന താളം. ഉച്ചനാദമെന്നാൽ ഉറക്കെ കയ്യടിക്കുന്നത് (കൈകൾ കുനിച്ച് താഴോട്ട് പിടിച്ച് മേരിക്കുട്ടി അതിന്റെ ഡെമോൺസട്രേഷൻ നടത്തുന്നു. അച്ചൻ അതു കണ്ട് പൊട്ടിച്ചിരിക്കുന്നു)

അച്ചൻ : റൊമ്പ കഷ്ടം മേരിക്കുട്ടി നിങ്ങൾ ഈ പറഞ്ഞ രണ്ടു കാര്യങ്ങളും തെറ്റാണ് പരമ വിഡ്ഢിത്തവുമാണ്.

(അല്പം നീരസത്തോടും വെറുപ്പോടും മേരിക്കുട്ടി പറയുന്നു)

മേരിക്കുട്ടി : അങ്ങനെ വെറുതെ തെറ്റാണെന്നു പറഞ്ഞാൽ പോര, വേദപുസ്തക വചനം കാണിച്ചുതന്ന് തെളിയിക്കണം.

(അച്ചന് സന്തോഷമായി)

അച്ചൻ : ശരി, ഞാൻ വേദപുസ്തക വചനത്തിൽനിന്നുതന്നെ കാണിച്ചുതന്ന് തെളിയിക്കാം. പക്ഷെ അല്പം ക്ഷമയോട് കേൾക്കുവാൻ താൽപര്യം കാണിക്കണം.

മേരിക്കുട്ടി : വൈകിട്ടത്തെ സഭായോഗത്തിന് ഇനിയും പോകണം. സ്തോത്രം എന്നാലും കേൾക്കാം. അച്ചൻ പറഞ്ഞാട്ടെ (അച്ചൻ ബൈബിൾ എടുത്ത് വായിക്കുന്നു)

അച്ചൻ : 1ദിനവൃത്താന്തം 15:19-20 ഞാൻ വായിക്കാം. ശ്രദ്ധയോടെ കേട്ടുകൊള്ളൂ. സംഗീതക്കാരനായ ഹേമാനും ആസാഫും ഏതാനും താമ്രംകൊണ്ടുള്ള കൈത്താളങ്ങളെയും സെഖർയ്യാവ് അസിയേൽ ശെമീരാമോത്ത്, യെഹിയേൽ, ഉന്നി, ഏലിയാസ്, മയസെയാവ്, ബെനയാവ് എന്നിവർ അലാമോത്ത് രാഗത്തിൽ വീണകളെയും ധ്വനിപ്പാനും...... ഇവിടെ സംഗീതക്കാരായ ഹേമാനും ആസാഫും ഏതാനും താമ്രംകൊണ്ടുള്ള കൈത്താളങ്ങളെ ഉണ്ടാക്കി അത് വച്ചുകൊട്ടുന്നതാണോ?

മേരിക്കുട്ടി : ആയിരിക്കാം

അച്ചൻ : ശ്ശോ! ഇവിടെ പറഞ്ഞിരിക്കുന്നത് ധ്വനിപ്പിച്ചു എന്നാണല്ലോ. ധ്വനിപ്പിക്കുക എന്നാൽ മീട്ടുക, അഥവാ സ്വരം പുറപ്പെടുവിക്കുക എന്നല്ലേ അർത്ഥം?

മേരിക്കുട്ടി : അതെ, കുറച്ചൊക്കെ മലയാളം എനിക്കും അറിയാം.

അച്ചൻ : വീണ, കിന്നരം ഇവയെല്ലാം ധ്വനിപ്പിക്കുവാനുള്ളതാണ്.

മേരിക്കുട്ടി : ആണോ

അച്ചൻ : അപ്പോൾ ഇവിടെ പരാമർശിച്ചിരിക്കുന്ന കൈത്താളം എന്താണ്?

(മേരിക്കുട്ടി ഉത്തരമില്ലാതെ പരുങ്ങുന്നു, രൂക്ഷമായി അച്ചനെ നോക്കുന്നു)

അച്ചൻ : എന്നാൽ മേരിക്കുട്ടി ഇനി പതിനാറാം വാക്യമൊന്നു വായിച്ചേ?(വായിക്കുന്നു) പിന്നെ ദാവീദ് ലേവ്യരിലെ പ്രധാനന്മാരോട് വീണ, കിന്നരം, കൈത്താളം എന്നീ വാദ്യങ്ങളാൽ സന്തോഷനാദം ഉച്ചത്തിൽ ധ്വനിപ്പിക്കേണ്ടതിന് സംഗീതക്കാരായ തങ്ങളുടെ സഹോദരന്മാരെ നിർത്തുവാൻ കല്പിച്ചു. (വായന നിർത്തി അച്ചനെ ദയനീയമായി നോക്കുന്നു)

അച്ചൻ : അവിടെ എന്താണ് പറയുന്നത്

മേരിക്കുട്ടി : വീണ, കിന്നരം, കൈത്താളം എന്നീ വാദ്യങ്ങളാൽ സന്തോഷനാദം ഉണ്ടാക്കേണ്ടതിന് സംഗീതക്കാരെ നിർത്തി എന്നാണ് പറയുന്നത്.

അച്ചൻ : അപ്പോൾ കൈത്താളം എന്നത് ഒരു വാദ്യം അഥവാ സംഗീതോപകരണമാണ് എന്ന് ബോധ്യമായില്ലെ.

മേരിക്കുട്ടി : ഞാൻ അത്രയും ചിന്തിച്ചില്ല.

അച്ചൻ : വീണ, കിന്നരം, ഇവപോലെ കൈത്താളം മീട്ടുവാൻ അഥവാ ധ്വനിപ്പിക്കുവാൻ പ്രത്യേകം അഭിരുചിയുള്ള സംഗീതക്കാർ വേണമെന്നും വ്യക്തമായല്ലോ. ഈ ഉപകരണം ധ്വനിപ്പിക്കുന്നതിൽ അതിസമർത്ഥനായിരുന്നു ആസാഫ്.

മേരിക്കുട്ടി : ഇനിയുമുണ്ടോ അച്ചാ വാക്യങ്ങൾ

അച്ചൻ : ഉണ്ടല്ലോ. കുറിച്ചാട്ടെ. പാസ്റ്ററെ കാണിക്കണം.

(മേരിക്കുട്ടി അച്ചന്റെ പക്കൽനിന്ന് പേപ്പർ വാങ്ങി കുറിച്ചെടുക്കുന്നു)

അച്ചൻ : 1ദിന.15:28, 16:6, 42, 25:1

മേരിക്കുട്ടി : ആസാഫ് സങ്കീർത്തന രചയിതാവല്ലെ.

അച്ചൻ : അതെ. 72 മുതൽ 83 വരെയുള്ള സങ്കീർത്തനങ്ങൾ ആസാഫിന്റേതാണല്ലോ. കൂടാതെ ദിനവൃത്താന്തങ്ങളിൽ നമ്മൾ കണ്ട ഹേമാൻ, ഏദാൻ എന്നിവരും കൈത്താളങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സമർത്ഥരായിരുന്നുവെന്ന് കണ്ടുവല്ലോ. അവർ രചിച്ച സങ്കീർത്തനങ്ങളാണ് 88ഉം 89ഉം. ഇവരൊക്കെ ദാവീദ് രാജാവിന്റെ രാജസദസ്സിലെ ഗായകസംഘത്തിൽ അംഗങ്ങളായിരുന്നു.

മേരിക്കുട്ടി : ഞാൻ ഇതെല്ലാം പോയി പാസ്റ്ററോട് പറയുന്നുണ്ട്.

അച്ചൻ : അയാൾക്ക് വെളിവുണ്ടെങ്കിൽ മനസ്സിലാക്കട്ടെ. നിങ്ങളുടെ പാസ്റ്റർക്ക് ഇംഗ്ലീഷ് അറിയാമോ

മേരിക്കുട്ടി : ഞങ്ങളുടെ പാസ്റ്റർ കൂടെകൂടെ അമേരിക്കയിലാ. മുറി ഇംഗ്ലീഷ് ഒക്കെ പറയുന്നത് കേട്ടിട്ടുണ്ട്.

അച്ചൻ : എന്നാൽ നമുക്ക് ഇംഗ്ലീഷ് ബൈബിൾക്കൂടെ ഒന്നു നോക്കാം. പാസ്റ്ററോട് പറ വായിക്കാൻ.

Paa : 150:5 Praise Him up on the lourd cymbals Praise Him up on the high sounding cymbals

മേരിക്കുട്ടി : അതെന്താണച്ചോ

അച്ചൻ : മേരിക്കുട്ടിക്ക് ഇംഗ്ലീഷ് കുറയൊക്കെ അറിയാമല്ലോ. മോൻ ഇംഗ്ലീഷ് മീഡിയത്തിലല്ലേ പഠിക്കുന്നത്. കൈകൊട്ടുന്നതിന് ഇംഗ്ലീഷിൽ ക്ലാപ്പിംഗ് എന്നാണ്. ഇവിടെ പറഞ്ഞിരിക്കുന്നത് അതല്ലല്ലോ.

മേരിക്കുട്ടി : അല്ല.

അച്ചൻ : ഇവിടെ കൊടുത്തിരിക്കുന്ന വാക്ക് സിമ്പൽസ് എന്നാണെന്ന് കണ്ടല്ലോ. അത് വളരെ പരന്ന് വൃത്താകൃതിയിലുള്ള രണ്ട് ലോഹത്തകിടുകൾ നാദത്തിനനുസരിച്ച് വളരെ കൃത്യമായി പണിതുണ്ടാക്കുന്ന ഒരു ഉപകരണം അത്രെ.

മേരിക്കുട്ടി : പണ്ടിവിടാരുന്നപ്പം പള്ളിപ്പെരുന്നാളിന് ചെണ്ടമേളം നടക്കുമ്പോൾ രണ്ടു പേർ ഇതുപോലെന്തോ കൂട്ടി മുട്ടിച്ച് ശബ്ദമുണ്ടാക്കുന്നത് കണ്ടിട്ടുണ്ട്. അതാണോ ഞങ്ങൾക്ക് ചെണ്ടേം പേരുന്നാളും ഒന്നുമില്ല. അതൊക്കെ വിജാതീയർക്കല്ലേ? ഞങ്ങൾ രക്ഷിക്കപ്പെട്ടവരാ.

അച്ചൻ : ചെണ്ടേം പെരുന്നാളുമൊക്കെ പിന്നീട് പറയാം. നീ കണ്ടെന്നു പറഞ്ഞ ഉപകരണമല്ലേ? അതുതന്നെ അതിന്റെ കനം വ്യത്യാസപ്പെട്ടാൽ നാദത്തിന് വ്യത്യാസം വരും. അതുപോലെ ഉപയോഗിക്കുന്ന ലോഹത്തിന്റെ സ്വഭാവത്തിനനുസരിച്ചും നാദത്തിന് വ്യത്യാസമുണ്ടാകും.

മേരിക്കുട്ടി : അതെന്താ അങ്ങനെ?

അച്ചൻ : ഉദാഹരണം പറഞ്ഞാൽ താമ്രം അഥവാ പിത്തള കൊണ്ടുള്ള കൈത്താളത്തെപ്പറ്റി നേരത്തെ നാം കണ്ടല്ലോ. അതുപോലെ ചെമ്പ് ഓട് ലോഹസങ്കരം തുടങ്ങിയവ ഉപയോഗിച്ചും കൈത്താളം ഉണ്ടാക്കാം. എന്നാൽ താമ്രംകൊണ്ടുള്ള കൈത്താളമാണ് അത്യുത്തമം. അതുകൊണ്ടാണ് ദാവീദ് രാജാവ് തന്റെ ഗായകസംഘത്തിൽ അത് ഉപയോഗിച്ചിരിക്കുന്നത്.

മേരിക്കുട്ടി : എന്റെ കുറെ സംശയം മാറി. കൈത്താളം കൈകൊട്ടലല്ല, സംഗീത ഉപകരണമാണ്. എന്നാലും ഈ ഉച്ചനാദമെന്നും അത്യുച്ചനാദമെന്നും പറഞ്ഞിരിക്കുന്നതെന്താണ്?

അച്ചൻ : എന്തായാലും കൈത്താളം വെറും കൈകൊട്ടിക്കളിയല്ലെന്നു മനസ്സിലായല്ലോ. മേരിക്കുട്ടി പണ്ട് സംഗീതം പഠിക്കാൻ കുറേനാൾ പോയെന്ന് കേട്ടിട്ടുണ്ടല്ലോ.

മേരിക്കുട്ടി : ഉണ്ട് പക്ഷേ എല്ലാം മറന്നുപോയച്ചോ.

(അപ്പോൾ ഇടവകയിലെ ക്വയറിലെ ലീഡറായ സന്തോഷ് അച്ചനെ കാണാനായി കയറി വരുന്നു)

അച്ചൻ : ഹാ സന്തോഷമായി സന്തോഷ് നല്ല സമയത്താ കയറിവന്നത്.

സന്തോഷ് : ഞാൻ വാങ്ങിയ പുതിയ സൈലോ കാർ കൂദാശ ചെയ്യാൻ കൊണ്ടുവന്നതാ.

അച്ചൻ : ആയിക്കോട്ടെ, കൂദാശ ചെയ്യാം. സന്തേഷിന് പോകാൻ ധൃതിയില്ലല്ലോ.

സന്തോഷ് : ഇല്ലച്ചോ എന്താ കാര്യം.

അച്ചൻ : പേടിക്കേണ്ട ഒന്നും സ്പോൺസർ ചെയ്യാനല്ല, മേരിക്കുട്ടിക്ക് ഈ ഉച്ചനാദവും അത്യുച്ചനാദവും തമ്മിലുള്ളവ്യത്യാസമൊന്ന് പറഞ്ഞുകൊടുക്കാമോ? ഞാൻ സംഗീതവിദ്വാനൊന്നുമല്ലല്ലോ. സന്തോഷിനാകുമ്പം ഭംഗിയായി പറയാൻ പറ്റും. ശ്രുതിയുടെ ആളല്ലേ

സന്തോഷ് : അതിനെന്താ പറയാമല്ലോ. കൈത്താളം നിർമ്മിക്കുമ്പോൾ നാദങ്ങൾ വ്യത്യാസപ്പെടുന്നത് സംഗീതത്തിലെ നിയമമനുസരിച്ചായിരിക്കും. കർണ്ണാടക സംഗീതത്തിൽ വിവിധ സ്വരങ്ങളെ മൂന്നു പ്രധാന സ്ഥായികളായി തിരിച്ചിരിക്കുന്നു.

മേരിക്കുട്ടി : ഏതൊക്കെയാണവ

സന്തോഷ് : സാധാരണ ശബ്ദത്തിലുള്ള സ്വരവിന്യാസത്തെ മദ്ധ്യസ്ഥായി എന്നും അതിനേക്കാൾ താരണസ്വരവിന്യാസത്തെ മന്ത്രസ്ഥായി എന്നും ഉയർന്ന സ്വരവിന്യാസത്തെ താരസ്ഥായി എന്നുമാണ് പറയുന്നത്.

(തുടരും)

# വട്ടശ്ശേരിൽ തിരുമേനി ഒരു കാലഘട്ടത്തിന്റെ പുണ്യം

വി.കെ.തമ്പി അടൂർ

ഓസ്ക്കാർ വൈൽഡ് എന്ന എഴുത്തുകാരന്റെ വാക്കുകൾ ആമുഖമായി ഉദ്ധരിക്കട്ടെ. ആർക്കും ചരിത്രം എഴുതാം. പക്ഷെ മഹാന്മാർക്കു മാത്രമെ ചരിത്രം സൃഷ്ടിക്കാൻ കഴിയൂ. മലങ്കരസഭയുടെ പ്രതിസന്ധികളുടെ നാളുകളിൽ ദൈവാശ്രയത്തിൽ ഉറച്ചുനിന്ന് വിപരീതസാഹചര്യങ്ങളോടു പടവെട്ടി സഭാനൗകയെ ഒരു സങ്കേത പർവ്വതത്തിലെത്തിച്ച തിരുമേനി സ്വപരിശ്രമത്തിലൂടെ ചരിത്രത്താളുകളിലിടം നേടിയത് അത്ഭുതാദരവുകളിലൂടെ മാത്രമേ നോക്കിക്കാണാനാവുകയുള്ളു. പേർഷ്യൻ രാജാവായ അർത്താക് സെർക്സസിന്റെ പാനപാത്രവാഹകനായി കൊട്ടാരത്തിൽ കഴിഞ്ഞിരുന്ന പ്രവാസിയായ നെഹമ്യാവ് എന്ന യഹൂദന് വേണമെങ്കിൽ രാജാവിനെ പ്രീതിപ്പെടുത്തി തിന്നും കുടിച്ചും സ്വകാര്യ സമ്പാദ്യങ്ങൾ ഉണ്ടാക്കിയിട്ടും കൊട്ടാരത്തിൽ സുഖമായി കഴിയാമായിരുന്നു. എന്നാൽ സ്വന്തദേശമായ യെരുശലേമിന്റെ മതിലുകൾ ഇടിഞ്ഞും കവാടങ്ങൾ അഗ്നിക്കിരയായും കിടക്കുന്നു എന്നു കേട്ടറിഞ്ഞ നെഹമ്യാവിനു സ്വസ്ഥനായി ഇരിപ്പാൻ കഴിഞ്ഞില്ല. രാജാവിന്റെ അനുവാദത്തോടെ കുറേ ആളുകളുമായി യെരുശലേമിലേക്ക് ചെന്ന നെഹമ്യാവ് ശത്രുക്കളുടെ മദ്ധ്യേ ഒരു കയ്യിൽ ആയുധവും മറുകയ്യിൽ പണിയായുധങ്ങളുമായി യെറുശലേമിന്റെ മതിൽ പണി പൂർത്തിയാക്കി. മതിൽപണിയിൽ മാത്രം ദത്തശ്രദ്ധനായിരുന്ന അദ്ദേഹം യൂദായിൽ ദേശാധിപതിയായി നിയമിക്കപ്പെട്ട പന്ത്രണ്ട് വർഷക്കാലം ദേശാധിപതിക്കുള്ള അഹോവൃത്തി വാങ്ങുകയോ സ്വന്തമായി യാതൊരു വസ്തുവകകളും സമ്പാദിക്കുകയോ ചെയ്തില്ല. ദീവന്നാസിയോസ് ആറാമൻ എന്നു പേരുള്ള വട്ടശ്ശേരിൽ തിരുമേനിക്ക് വേണമെങ്കിൽ അന്ത്യോഖ്യൻ പാത്രിയർക്കീസിന് ഉടമ്പടി എഴുതിക്കൊടുത്ത് തന്റെ പദവിയെ സംരക്ഷിക്കാമായിരുന്നു. എന്നാൽ മലങ്കരസഭയെ ഒരു വൈദേശിക മേധാവിത്വത്തിനും തീറെഴുതിക്കൊടുക്കില്ലെന്ന ദൃഢനിശ്ചയത്തോടെ അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ പിന്നീട് ചരിത്രത്തിന്റെ ഭാഗമായി തീർന്നു.

മല്ലപ്പള്ളി പവ്വത്തിക്കുന്നേൽ (വട്ടശ്ശേരിൽ) കുടുംബത്തിൽ യൗസേഫ് - ഏലി ദമ്പതികളുടെ മകനായി 1958 ഒക്ടോബർ 31-ാം തീയതി ജനിച്ച ഗീവർഗീസ് എന്ന് പേരുള്ള ബാലൻ 1879-ൽ ശെമ്മാശ്ശൻപട്ടവും അടുത്തവർഷം കശ്ശീശാപട്ടവും കിട്ടി. 1908-ൽ യെറുശലേമിൽവെച്ച് മെത്രാൻസ്ഥാനം ലഭിച്ചു. 1909-ൽ മലങ്കര മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ടു. 76-ാം വയസ്സിൽ 1934 ഫെബ്രുവരി 23ന് കാലം ചെയ്തു. പിറ്റേദിവസം കോട്ടയം പഴയസെമിനാരി ചാപ്പലിൽ ഭൗതികശരീരം കബറടക്കി. 2003 ഫെബ്രുവരി 24ന് വട്ടശ്ശേരിൽ തിരുമേനി മലങ്കരസഭയിലെ രണ്ടാമത്തെ പരിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു.

ഒരാളെ പരിശുദ്ധനായി പ്രഖ്യാപിക്കുന്ന പതിവ് ഓർത്തഡോക്സ് സഭകളിലില്ല. എന്നാൽ ചില സ്ഥലങ്ങളിലും കാലങ്ങളിലും വ്യക്തികളിലും ദൈവീക ചൈതന്യം കൂടുതലായി കാണപ്പെടുന്നു. മിദ്യാനിലെ പുരോഹിതനും തന്റെ അമ്മാവിയപ്പനുമായ യിത്രോവിന്റെ ആടുകളെ മേയിച്ചുകൊണ്ട് മോശ ദൈവത്തിന്റെ പർവ്വതമായ ഹോരോബ് വരെ ചെന്നു. അവിടെ യെഹോവയുടെ ദൂതൻ ഒരു മുൾപടർപ്പിന്റെ നടുവിൽനിന്ന് അഗ്നിജ്വാലയിൽ മോശക്ക് പ്രത്യക്ഷനായി. മുൾമരമെരിയാതെ തീ കത്തുന്ന ഈ കാഴ്ച എന്ത് എന്ന് അടുത്തു കാണുന്നതിനായി മുൾപ്പടർപ്പിനെ സമീപിച്ച മോശയോടു യഹോവ അരുളിച്ചെയ്തു നീ ഇങ്ങോട്ട് അടുക്കരുത് നീ നിൽക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ കാലിൽ നിന്നു ചെരുപ്പ് അഴിച്ചുകളയുക. ചില സ്ഥലങ്ങൾ വിശുദ്ധമാണ്. അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും എന്ന് യോവേൽ പ്രവാചകൻ മുഖാന്തിരം ദൈവം അരുളിചെയ്തു. ചിലകാലങ്ങളും വിശുദ്ധമാണ്. ദൈവീക ചൈതന്യം കൂടുതലായി ഉൾക്കൊണ്ട പരുമലതിരുമേനിയേയും പിന്നീട് സഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനിയെയും മലങ്കര ഓർത്തഡോക്സ് സഭ പരിശുദ്ധന്മാരായി പ്രഖ്യാപിച്ചത് കേവലം കാവ്യനീതി മാത്രമാണ്.

സോക്രട്ടീസിനോട് ഒരു അനുയായി ചോദിച്ചു ഗുരോ എന്താണ് തീക്ഷണമായ ആഗ്രഹം. നീ നാളെ രാവിലെ വരിക സോക്രട്ടീസ് മറുപടി പറഞ്ഞു. പിറ്റേന്ന് രാവിലെ ശിഷ്യൻ സോക്രട്ടീസിന്റെ അടുക്കൽ വന്നു. ശിഷ്യനെയുംകൊണ്ട് അദ്ദേഹം കടൽത്തീരത്തേക്കു നടന്നു. സോക്രട്ടീസിന്റെ കഴുത്തൊപ്പംമാത്രമെ ശിഷ്യന് പൊക്കമുള്ളൂ. ശിഷ്യന്റെ തോളിൽ കയ്യിട്ട് ഗുരു കടലിലേക്ക് ഇറങ്ങി നടന്നു. വെള്ളം മുട്ടോളമായി പിന്നെ അരയോളമായി. ശിഷ്യന്റെ കഴുത്തറ്റം വെള്ളമായപ്പോൾ ഗുരു പെട്ടെന്ന് കുനിഞ്ഞ് ശിഷ്യന്റെ മുടിയിൽ പിടിച്ച് തല വെള്ളത്തിൽ മുക്കിത്താഴ്ത്തി. ശ്വാസം കിട്ടാതെ പിടഞ്ഞ ശിഷ്യൻ മരണവെപ്രാളം കാട്ടി. വെള്ളത്തിൽ നിന്നും ചെറുകുമിളകൾ മുകളിലേക്കുയർന്നു. പെട്ടെന്ന് ഗുരുശിഷ്യന്റെ തല വെള്ളത്തിൽ നിന്നും പിടിച്ചുയർത്തി. ശിഷ്യൻ ആഞ്ഞാഞ്ഞ് ശ്വാസം എടുക്കാൻ തുടങ്ങി. അവൻ ജീവനിലേക്കു തിരിച്ചുവന്നു. ഗുരു ശിഷ്യനോടു ചോദിച്ചു ഞാൻ നിന്റെ തല വെള്ളത്തിൽ മുക്കിപ്പിടിച്ചുകൊണ്ടിരുന്നപ്പോൾ എന്തായിരുന്നു നിന്റെ ഏറ്റവും വലിയ ആഗ്രഹം. ശിഷ്യൻ പറഞ്ഞു ആ സമയത്ത് എന്റെ ഏറ്റവും വലിയ ആഗ്രഹം ശ്വസിക്കുവാൻ അല്പം വായുവേണം എന്നതായിരുന്നു. സോക്രട്ടീസ് പറഞ്ഞു അതാണ് അപ്പോഴത്തെ നിന്റെ തീക്ഷണമായ ആഗ്രഹം. സഭയുടെ പ്രതിസന്ധികാലത്ത് ഏതു വിധേനയും സഭയെ രക്ഷിക്കുക എന്നതായിരുന്നു വട്ടശ്ശേരി തിരുമേനിയുടെ തീക്ഷണമായ ആഗ്രഹം. ആദ്ദേഹത്തെ കേസിന്റെയും വ്യവഹാരത്തിന്റെയും ആളായി മാത്രം പാർശവൽക്കരിക്കുവാൻ ഒരു കൂട്ടം ആളുകൾ നടത്തിയിട്ടുള്ള നീക്കം നീതിക്കു നിരക്കുന്നതല്ല.

ഇന്ത്യയുടെ മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ.അബ്ദുൽകലാം ആസാദിനോട് ഒരു സംവാദത്തിൽ സദസ്യരിലൊരാൾ ചോദിച്ചു കോടിക്കണക്കിനാളികൾ പട്ടിണിക്കിടക്കുമ്പോൾ പ്രതിരോധച്ചിലവുകൾക്ക് വൻതുക ചിലവിടുന്നത് ന്യായമോ? അദ്ദേഹത്തിന്റെ ഉത്തരം ഇന്ത്യയുടെ 600 വർഷത്തെ ചരിത്രത്തിൽ വെറും 65 കൊല്ലമാണ് ഇന്ത്യാക്കാർ നാടു ഭരിച്ചത്. ബാക്കി 535 കൊല്ലവും ഭരിച്ചത് വിദേശിയരാണ്. അന്നു നമ്മുക്ക് പ്രതിരോധം ഉണ്ടായിരുന്നില്ല. അതിർത്തി സംരക്ഷിച്ചില്ലെങ്കിൽ മറ്റുവല്ലവരും കയറി ഭരിച്ചുകളയും. പ്രകൃതിയുടെ മധ്യസ്ഥനായ ഏലിയാവിനെപ്പോലെ പ്രാർത്ഥിക്കേണ്ടപ്പോൾ പ്രാർത്ഥിച്ചും പ്രവർത്തിക്കേണ്ടപ്പോൾ പ്രവർത്തിച്ചും മലങ്കര ഓർത്തഡോക്സ് സഭയ്ക്കു ശക്തമായ ഒരു അടിത്തറ പണിത മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 77-ാം ഓർമ്മ അക്ഷര തലസ്ഥാനമായ കോട്ടയം പഴയസെമിനാരി ചാപ്പലിൽവച്ച് ഫെബ്രുവരിമാസം 23-ാം തീയതി കൊണ്ടാടുന്നു.

# ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര കോട്ടയം ഭദ്രാസനത്തിലൂടെ

ഫാ.മത്തായി അല്ലിക്കുഴി

2012 നവംബർ മാസം മൂന്നാം തീയതി ശനിയാഴ്ച നമ്മുടെ രക്ഷകനായ യേശുമിശിഹായുടെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരാളായ വി. തോമ്മാശ്ലീഹായുടെ കബറിങ്കൽനിന്ന് ആരംഭിച്ച ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര 2012 നവംബർ മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ എട്ടുമണിക്ക് വടക്കൻമണ്ണൂർ സെന്റ് തോമസ് ദേവാലയത്തിൽനിന്നും ആരംഭിച്ചു.

ലേഖകൻ ശുശ്രൂഷ നടത്തിയിട്ടുള്ള വടക്കൻമണ്ണൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി മലങ്കരസഭയിലെപുരാതനമായ ദേവാലയങ്ങളിലൊന്നാകുന്നു. പ്രസ്തുത ദേവാലയത്തിൽ രാവിലെ വി. കുർബ്ബാനയ്ക്കുശേഷം ഫാ.ഒ.എസ്.കുറിയാക്കോസിന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥനയോടെയാണ് ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര ആരംഭിച്ചത്.

15-ാം തീയതി ആരംഭിച്ച യാത്രയുടെ രണ്ടാമത്തെ ദേവാലയം കൂരോപ്പട സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയാണ്. നേരത്തെ തയ്യാറാക്കിയിരുന്ന സമയം കൃത്യമായി പാലിച്ചുകൊണ്ട് സ്വീകരണം ഏറ്റുവാങ്ങി എന്നത് പ്രസ്താവ്യയോഗ്യമാണ്. കൂരോപ്പട സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിലെ സ്വീകരണത്തിൽ ആനിക്കാട് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിലെ വിശ്വാസികളും സംബന്ധിച്ചിരുന്നു. മുൻപോട്ടുള്ള യാത്രയിൽ നെടുമാവ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയുടെ സ്വീകരണവും വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളിയുടെ സ്വീകരണവും സമയക്രമമനുസരിച്ച് നടന്നു.

പൊൻകുന്നം സെന്റ് മേരീസ്, കന്നുകുഴി സെന്റ് മേരീസ്, കാനം സെന്റ് മേരീസ്, കാനം സെന്റ് ജോർജ്, കാനം വെട്ടുവേലി സെന്റ് തോമസ് എന്നീ ദേവാലയങ്ങളുടെ സംയുക്ത സ്വീകരണം കാഞ്ഞിരപ്പാറയിലും കങ്ങഴ സെന്റ് തോമസ് മുണ്ടന്താനം സെന്റ് ജോൺസ് എന്നീ ദേവാലയങ്ങളിലെ സ്വീകരണം കങ്ങഴയിലും ഏറ്റുവാങ്ങി.

കോട്ടയത്തിന്റെ മൂന്നാം ഗ്രൂപ്പിൽപ്പെട്ട കുറ്റിക്കൽ സൗത്ത് പാമ്പാടി സെന്റ് തോമസ് വലിയപള്ളിയിലെ സ്വീകരണത്തിനുശേഷം ആലാംപള്ളിയിൽവെച്ച് കോത്തല സെഹിയോൻ, പാമ്പാടി സെന്റ് ജോൺസ് ചെറിയപള്ളി ഇടവകകളിലെ സംയുക്തസ്വീകരണവും പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിന്റെ സ്വീകരണവും മഞ്ഞാടിയിൽ മീനടം സെന്റ് മേരീസ് ദേവാലയത്തിന്റെ സ്വീകരണവും ഏറ്റുവാങ്ങി പാമ്പാടി പൊത്തൻപുറം ദയറായിലെത്തി. ദയറായിലെത്തിയപ്പോൾ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ അവിടെ സ്വീകരിക്കാനുണ്ടായിരുന്നു എന്നത് പ്രത്യേകം എടുത്തുപറയേണ്ടതുതന്നെ. അവിടെ കബറടങ്ങിയിരിക്കുന്ന കുറിയാക്കോസ് മാർ ഗ്രിഗോറിയോസ്, മാത്യൂസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാരുടെ കബറിങ്കൽ ധൂപപ്രാർത്ഥന ബർന്നബാസ് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

നാലാം ഗ്രൂപ്പിലെ യാത്ര മീനിടം ഭാഗത്തു കൂടിയാണ് നടന്നത്. മീനടം സെന്റ് ജോർജ്, മീനടം സെന്റ് തോമസ്, മീനടം സെന്റ് ജോൺസ് എന്നീ പള്ളികളിലെ സ്വീകരണത്തിനുശേം തോട്ടയ്ക്കാട് സെന്റ് മേരീസ് ബേത്ലഹേം പള്ളിയിലും പരിയാരം മാർ അപ്രേം, പരിയാരം സെന്റ് പീറ്റേഴ്സ്, പരിയാരം സെന്റ് തോമസ്, ഞാലിയാകുഴി മാർ ഗ്രിഗോറിയോസ് എന്നീ പള്ളികളിലും സ്വീകരണം നൽകി. പിന്നീട് വാകത്താനം സെന്റ് ജോൺസ് വലിയപള്ളിയിലേക്കാണ് പോയത്. അവിടെ സമ്മേളനത്തോടെ സ്വീകരണം നൽകപ്പെട്ടു.

അഞ്ചാം ഗ്രൂപ്പിലെ കണ്ണംചിറ മാർ ഗ്രിഗോറിയോസ്, വാകത്താനം ജെറുസലേം സെന്റ് മേരീസ്, പൊങ്ങന്താനം സെന്റ് തോമസ്, വാകത്താനം വെട്ടിക്കുന്ന് സെന്റ് ജോർജ്, ചീരംചിറ സെന്റ് മേരീസ്, നാലുന്നാക്കൽ മാർ ഗ്രിഗോറിയോസ്, തെങ്ങണ സെന്റ് തോമസ്, വാകത്താനം സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ്, വാകത്താനം പുത്തൻചന്ത സെന്റ് ജോർജ് എന്നിവിടങ്ങളിൽനിന്ന് സ്വീകരണം ഏറ്റുവാങ്ങി മാളികകടവിലേക്ക് എത്തി. അവിടെ പാത്താമുട്ടം സ്ലീബാ, പാത്താമുട്ടം സെന്റ് മേരീസ് ചാപ്പൽ എന്നിവയുടെ സംയുക്തസ്വീകരണമാണ് നടത്തിയത്. കുറിച്ചി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ്, കുറിച്ചി സെന്റ് മേരീസ് ആന്റ് സെന്റ് ജോൺസ്, ചങ്ങനാശേരി സെന്റ് തോമസ്, കുപ്പപ്പുറം സെന്റ് തോമസ്, ചേന്നങ്കേരി സെന്റ് തോമസ് എന്നിവിടങ്ങളിലെ സ്വീകരണത്തിനുശേഷം കുഴിമറ്റം സെന്റ് ജോർജ് പള്ളിയിലെത്തി.

ആറാം ഗ്രൂപ്പിലെ പാച്ചിറ താബോർ സെന്റ് മേരീസ്, ചിങ്ങവനം സെന്റ് ജോൺസ് മിഷ്യൻ പള്ളി എന്നിവ സംയുക്തമായി പരുത്തുംപാറ കവയിൽവെച്ച് സ്വീകരണം നൽകി. തുടർന്ന് പള്ളം സെന്റ് പോൾസ്, കാരമൂട് സെന്റ് തോമസ്, മൂലവട്ടം സെന്റ് മേരീസ്, കൊല്ലാട് സെന്റ് പോൾസ് എന്നീ പള്ളികളിലെ സ്വീകരണത്തിനുശേഷം പുതുപ്പള്ളി വലിയപള്ളിയിലെത്തി. ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ.ഡോ.എം.ഒ.ജോൺ, അത്മായട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റ് എന്നിവർ പ്രസംഗിച്ചു. മുഖ്യപ്രഭാഷണം ഡോ.എം.കുര്യൻ തോമസ് നടത്തി. സ്വാഗതം ഫാ.സി.ജോൺ ചിറത്തലാട്ടും കൃതജ്ഞത കോട്ടയം ഭദ്രാസന സെക്രട്ടറി ഫാ.തോമസ് വർഗീസ് കാവുങ്കലും നിർവ്വഹിച്ചു.

ഗ്രൂപ്പ് ഏഴിലെ യാത്ര നിലയ്ക്കൽ പള്ളിയിൽനിന്ന് വെള്ളുക്കുട്ട സെന്റ് തോമസ് പള്ളിയുടെ സ്വീകരണം കാഞ്ഞിരത്തുംമൂട്ടിലും കുമരംകോട് മാർ ഗ്രിഗോറിയോസ് പള്ളിയുടെ സ്വീകരണം കുമരംകോട് ഭാഗത്തുവെച്ചും നടത്തപ്പെട്ടു. അവിടെനിന്നും മണർകാട് ഭാഗത്ത് വെള്ളൂർ സെന്റ് തോമ് പള്ളിക്കാരുടെ വകയായുള്ള സ്വീകരണം നൽകി. തുടർന്ന് കൈതമറ്റം മാർ ഗ്രിഗോറിയോസ്, പാറമ്പുഴ സെന്റ് ജോർജ് എന്നീ പള്ളികളുടെ സ്വീകരണം ഏറ്റുവാങ്ങി ദേവലോകം അരമനചാപ്പലിൽ എത്തിച്ചേർന്നു. അരമനചാപ്പലിൽ ധൂപപ്രാർത്ഥന നടത്തിയതിനുശേഷം കോട്ടയം മാർ ഏലിയാ കത്തീഡ്രലിലേക്കും അവിടെനിന്ന് പഴയസെമിനാരിയിലേക്കും യാത്ര തുടർന്നു. പഴയസെമിനാരിയിൽ പ.വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി വടക്കൻ മേഖലാ മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര പര്യവസാനിപ്പിച്ചു. കോട്ടയം ഭദ്രാസത്തിലെ ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര കൃത്യമസയത്ത് എല്ലാ ദേവാലയങ്ങളിലെയും സ്വീകരണം നടത്തുവാൻ കഴിഞ്ഞതിലുള്ള സന്തോഷം എല്ലാവരും പ്രകടമാക്കി. അതിന്റെ സമയക്രമം ഏർപ്പെടുത്തിയവർക്കും നേതൃത്വം നൽകിയ കോട്ടയം ഭദ്രാസന സെക്രട്ടറി ഫാ. തോമസ് വർഗീസ് കാവുങ്കൽ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ചെന്നൈ മുതൽ കോട്ടയം ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലൂടെയും സഞ്ചരിച്ച് സ്വീകരണങ്ങളിൽ പങ്കെടുക്കുവാൻ എനിക്കു ലഭിച്ച അവസരത്തിന് ത്രീയേക ദൈവത്തെ മഹത്വപ്പെടുത്തുന്നു.


**THANKS GIVING**

Thank you Holy Spirit, Holy Family and all the saints for favours recieved. Special thanks to St.Expedite,St.Jude, St.Gregorius and Our Lady of Pullichira for all favours received and yet to receive

**SARA**

## ധ്യാനപീഠം

വെരി.റവ.ഏലിയാസ് കോശി
റമ്പാൻ, പത്തനാപുരം

### വാങ്ങിപ്പോയ വൈദികരുടെ ഞായറാഴ്ച

**വി.മത്തായി 24: 42-51**

വാങ്ങിപ്പോയ സകല പുരോഹിതന്മാരെയും സകല വാങ്ങിപ്പോയ വിശ്വാസികളെയും ഓർത്തുകൊണ്ട് പ.സഭ ഒന്നായി വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിനും ഉയർപ്പിനും സാക്ഷികളാകുവാൻ പ്രാർത്ഥനയോടും നോമ്പോടുംകൂടി സഭ ഒരുങ്ങുകയാണ്. ഇപ്പോഴും സഭയുടെ ഭാഗമായിരിക്കുന്ന സാക്ഷികളുടെ വലിയ സമൂഹത്തെ ഓർക്കുകയും അവരോടൊപ്പം അതിലേക്ക് ഒരുങ്ങുകയുമാണ്.

ഓർമ്മ എന്നത് ഒരു ബൗദ്ധിക അഭ്യാസമല്ല. വാങ്ങിപ്പോയവരെ ഓർക്കുന്നതിലൂടെ അവരുടെ ജീവിതത്തിന്റെ മഹത്വം നമ്മെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ആദ്ധ്യാത്മിക വളർച്ചയ്ക്ക് അവർ നൽകിയ സംഭാവനകളെ ഓർത്ത് ദൈവത്തിനു നന്ദി പറയുകയും ചെയ്യുക എന്നതാണ് ഓർമ്മ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അവരെ നാം ഓർക്കുമ്പോൾ അവരുടെ വ്യക്തിപ്രഭാവത്തെ അല്ല നാം സ്മരിക്കുന്നത് പ്രത്യുത അവരിൽക്കൂടെ നമുക്ക് ലഭിച്ചിട്ടുള്ള കൂദാശകളുടെ അനുഭവത്തിൽനിന്നും ക്രിസ്തീയ വിശ്വാസത്തിന്റെയും ദൈവീക അനുഭവങ്ങളുടെയും ഉറവ ഒരിക്കലും നഷ്ടപ്പെട്ടുപോകാതെ അനുദിനം ആ അനുഭവങ്ങളെ ഉജ്ജ്വലിപ്പിച്ചുകൊണ്ട് സഭയിൽ നാം ജീവനുള്ള കല്ലുകളായി നാം പണിയപ്പെടുകയാണ്.

സംഖ്യ 20:22 മോശയോടൊപ്പം യിസ്രായേൽ ജനത്തെ നയിച്ച അഹറോന്റെ മരണത്തെപ്പറ്റി അവിടെ പറയുന്നു യിസ്രായേലിന്റെ മുഴുവന്റെയും അധർമ്മങ്ങൾക്കുവേണ്ടി പാപപരിഹാര ബലിയർപ്പിച്ച് ശുശ്രൂഷകനായി വർത്തിച്ച തങ്ങളുടെ ആത്മീയ പിതാവ് തങ്ങളിൽനിന്നും വേർപിരിഞ്ഞു അവർ ദുഃഖിച്ചു പ്രാർത്ഥിച്ചു മുപ്പതുദിവസം വിലാപം കഴിച്ചു.

ഇന്നും പുരോഹിതന്റെ ജോലി ബലിയർപ്പണവും പാപപരിഹാരകർമ്മവുമാണ്. പട്ടംകൊടസമയത്ത് മേൽപട്ടക്കാരൻ പട്ടം ഏൽക്കുന്ന സ്ഥാനിയെ പ്രത്യേകം ഓർമ്മിപ്പിക്കുന്നത് നിന്നെ ഭരമേൽപിക്കുന്ന ജനത്തിനുവേണ്ടി കണ്ണീരും പ്രാർത്ഥനയും ദൈവസമക്ഷം സമർപ്പിച്ചുകൊള്ളണമെന്നാണ്.

ഇത്തരുണത്തിൽ പൗരോഹിത്യത്തിന്റെ മൂന്നുതലത്തിലുള്ള വളർച്ചയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്.

1. പൈതൃക പൗരോഹിത്യം:- ബലികൾ അർപ്പിപ്പാനായിട്ടാണ് ദൈവം ആദാമിനെ സൃഷ്ടിച്ചതെന്ന് പിതാക്കന്മാർ വ്യഖ്യാനിക്കുന്നു. പാപം മൂലം ആദാം അതു നഷ്ടപ്പെടുത്തി. ആ അവകാശം മക്കൾക്കു കിട്ടി. ഉല്പത്തി. 4:3-5 വാക്യങ്ങളിൽ കായേനും ഹാബേലും സമർപ്പിച്ച ബലിയെക്കുറിച്ച് സൂചിപ്പിക്കുന്നു. ഇമ്മാതിരിയുള്ള ബലി പാരമ്പര്യമായി മോശവരെ തുടർന്നുകൊണ്ടിരുന്നു.

2. അഹറോന്യ പൗരോഹിത്യം:- ഇത് പൈതൃക പൗരോഹിത്യത്തിന്റെ തുടർച്ചയായിരുന്നു. ലേവ്യാഗോത്രത്തെ പൗരോഹിത്യകർമ്മത്തിനായി വേർതിരിച്ചത് ഒരു മത്സരത്തിൽകൂടി ആയിരുന്നു. അഹറോന്റെ വടി തളിർത്തതാണ് അതിനുകാരണം. പുറപ്പാടു പുസ്തകം 40:3-15 വരെയുള്ള ഭാഗത്ത് മോശ മഹാപുരോഹിതനും തലവനുമായി ശുശ്രൂഷ നിർവഹിച്ചതായി കാണുന്നു. അത് പെന്തിക്കേസ്തി ദിവസംവരെ തുടർന്നു.

3. ക്രിസ്തീയ പൗരോഹിത്യം:- പഴയനിയമത്തിലെ ധാരണതന്നെയാണ് പുതിയ നിയമത്തിലും ഉള്ളത്. 1 പത്രോസ് 2:5-9 മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ ചെന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീയ ഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മീയ യാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു.

വിശ്വാസികളെല്ലാം മാമോദീസായിലൂടെ പുരോഹിതന്മാരാണ്. റോമർ 12:1 നിങ്ങൾ ബുദ്ധിമുട്ടുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും, ദൈവത്തിനു പ്രസാദവുമായുള്ള യാഗമായി സമർപ്പിപ്പിൻ. ലേവ്യർക്കായി പൗരോഹിത്യത്തെ ക്ലിപ്തപ്പെടുത്തിയതുപോലെ പ്രത്യേക പൗരോഹിത്യക്രമവും എല്ലാവർക്കും പുരോഹിതന്മാരാവാനുള്ള സാധ്യതയും ക്രിസ്തീയ പൗരോഹിത്യത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നു.

വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ:- ദൈവം ഓരോ മനുഷ്യനെയും വിധിക്കുന്നത് അവർ ദൈവത്തിന്റെ ദാനം എപ്രകാരം വിനിയോഗിച്ചു എന്നതിലാണ്. ഉണർന്നിരിക്കുന്ന ദാസൻ ഏറ്റെടുത്തിരിക്കുന്ന ദൗത്യം ഉത്സാഹത്തോടെ ചെയ്യും. കർത്താവാണ് പൗരോഹിത്യത്തിന്റെ മാതൃക. ഈ മാതൃക പിൻപറ്റണം. ഉറക്കമില്ലാത്ത ഉണർവുള്ളവനാണ് കർത്താവ്.

യഥാസമയം ഭക്ഷണം വിളമ്പുന്ന ദാസൻ ഈ ലോകത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെയും അധികാരത്തിന്റെയും അടയാളമായി പുരോഹിതൻ പ്രവർത്തിക്കണം. ഭൗതികവും ആത്മീയവുമായ നവോത്ഥാനം അടിയുറച്ച ഉത്തരവാദിത്തബോധം ലോകത്തെ രക്ഷിച്ച യേശുവിന്റെ പ്രതിപുരുഷൻ, ക്രിസ്തുവിന്റെ പ്രകാശവും ജീവനും ജനത്തിനു നൽകുന്നവൻ യഥാസമയം, യഥായോഗ്യം ഇവയെല്ലാം ചെയ്യുന്നവൻ വിശ്വസ്തനും , ബുദ്ധിമാനുമാണ്. ഉത്തരവാദിത്വം കൂടുതലുള്ളവനാണ് വൈദികൻ. കൂടുതൽ കാര്യങ്ങൾ ഭരമേൽപ്പിക്കപ്പെടും.

പൂർവ്വികരായ നമ്മുടെ പിതാക്കന്മാരെ ഓർക്കയും അവർ നൽകിയ പാഠങ്ങളെ ജീവിതത്തിൽ അനുവർത്തിക്കുകയും ചെയ്യാം. നല്ലവനും വിശ്വസ്തനുമായ ഭൃത്യാ അല്പകാര്യങ്ങളിൽ നീ വിശ്വസ്തനായിരുന്നു. വലിയകാര്യങ്ങൾക്ക് ഞാൻ നിന്നെ അധികാരിയാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക ആ ഇമ്പമുള്ള ശബ്ദം കേൾക്കാൻ നമുക്കും ഒരുങ്ങാം. സഭയെ നയിച്ച പിതാക്കന്മാരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

## തെരഞ്ഞെടുത്തു



മലങ്കര ഓർത്തഡോക്സ് സഭയുടെ യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറർ ആയി പ്രിനു.റ്റി.മാത്യൂസ് മൈലപ്രായെ തെരഞ്ഞെടുത്തു. കോട്ടയം കാതോലിക്കേറ്റ് അരമനയിൽ ചേർന്ന ജനറൽ അസംബ്ലിയിൽ യുവജനപ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളീകാർപ്പോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

# രാജ്യനന്മയ്ക്കു സമ്പൂർണ്ണ മദ്യനിരോധനം അനിവാര്യം

റവ.ഡോ ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്ക്കോപ്പാ

മൃദുലവും നിസാരവുമായ നിയമങ്ങൾ കൊണ്ട് നാടിനെ മദ്യത്തിൽ നിന്നും രക്ഷിക്കാനാവില്ല. കഠിനവും കർക്കശവുമായ നിയമനിർമ്മാണമാണ് ഇതിനാവശ്യം. സമ്പൂർണ്ണ മദ്യനിരോധനം അപ്രായോഗികമാണെന്ന ഭാഷ്യം അംഗീകരിക്കാനാവില്ല. ബോധവൽക്കരണത്തോടൊപ്പം നിയമംമൂലം മദ്യം നിരോധിച്ചാലെ ഈ ശാപത്തിൽ നിന്നും മനുഷ്യകുലത്തെ ഒരുപരിധിവരെ കരകേറ്റാനാകൂ.

മദ്യം നിരോധിച്ചാൽ വ്യാജമദ്യം ഒഴുകുമെന്ന പ്രചാരണം ശരിയല്ല. ഇതിനാവശ്യം ധാർമ്മിക മൂല്യങ്ങൾക്കു വിലയും മാന്യതയും കല്പിക്കുന്ന ഭരണകൂടവും പ്രതിബദ്ധതയുള്ള അധികൃത വൃന്ദവുമാണ്. മോഷണം, കൊലപാതകം, കൊള്ളവ്യഭിചാരം തുടങ്ങി ഒട്ടേറെ തിന്മകളെ നാട്ടിൽ നിയമം മൂലം നിരോധിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം മ്ലേച്ഛതകൾ അങ്ങിങ്ങായി നടക്കുന്നുവെന്നു പറഞ്ഞു അവയ്ക്കു ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം പിൻവലിച്ചാലത്തെ അവസ്ഥ എത്രയോ ഭീകരമായിരിക്കും.

പണവും പ്രതാപവുമെന്നതിലുപരി നമുക്ക് ആവശ്യം ശാന്തിയും സമാധാനവുമാണ്. സന്തോഷത്തിനും സമാധാനത്തിനും വേണ്ടി കുടിക്കുന്നവർ കുടിച്ചു ചാകുമ്പോൾ അവന്റെ ഭാര്യയും മക്കളും കണ്ണീർകുടിച്ചുചാകുന്നുവെന്നോർക്കണം.

ചെത്ത് നിർത്തലാക്കിയാൽ അനേകർക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന പ്രചാരണവും ശുദ്ധ അസംബന്ധമാണ്. ചെത്ത് വേണ്ടാ എന്ന് ഇവിടെ ആരും പറയുന്നില്ലാ. ആകുന്നത്ര തെങ്ങുകൾ ചെത്തുക. നീരാ കോർപറേഷൻ രൂപീകരിച്ച് നീരാ ഉദ്പന്നങ്ങൾ ഉദ്പാദിപ്പിച്ച് വിപണിയിലിറക്കുക. ഇന്ന് ചെത്തുതൊഴിലാളികളെയും കള്ളുവില്പനയിൽ ഏർപ്പെട്ടിരിക്കുന്നവരെയും കൂട്ടിയാൽ സംസ്ഥാനത്ത് ആകെ വരുന്നവരുടെ എണ്ണം നാൽപതിനായിരത്തിൽ താഴെ മാത്രമാണ്. മേൽ വ്യക്തമാക്കിയിരിക്കുന്ന നീരാ കോർപറേഷൻ രൂപീകരിച്ച് മുന്നോട്ടുപോയാൽ നാൽപതിനായിരത്തിനു പുറമേ ഒരുലക്ഷത്തിൽ അധികംപേർക്ക് മുന്തിയ വേതനത്തിൽ തൊഴിൽ നൽകുവാനുള്ള സാധ്യതയുണ്ടെന്ന തിരിച്ചറിവുണ്ടാകണം. ആയതിനാൽ കള്ള് നിരോധിച്ച് നീര കൊണ്ടുവരിക. ഖജനാവിലേക്കുള്ള വരുമാനവും വർദ്ധിക്കും. മദ്യം ക്ഷണിച്ചുവരുത്തുന്ന വിപത്തുകളിൽനിന്ന് ജനത്തെ രക്ഷിക്കുകയും ചെയ്യാം.


പകൽ വൈകുന്നേരം അഞ്ചുമണിവരെ മദ്യശാലകൾ അടച്ചിടണമെന്നും കള്ളുവ്യവസായം നിരോധിക്കണമെന്നുമുള്ള ഹൈക്കോടതി നിർദ്ദേശം നടപ്പിൽ വരുത്തുവാൻ സർക്കാർ കാണിക്കുന്ന അനാസ്ഥ അക്ഷന്തവ്യമാണ്. വഴിയോര യോഗങ്ങളും പ്ലാറ്റ്ഫോമിലെയും ട്രെയിനിലെയും മദ്യനിരോധനവും കോടതി ഉത്തരവുമൂലം നിരോധിച്ചതിന്റെ ഫലവത്തായ ഗുണവും പുകവലി നിരോധന പ്രയോജനവും നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നുവെന്നോർക്കുക. നിയമം ഉണ്ടായാൽ മാത്രം പോര. അത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയും ആർജ്ജവത്വവുമുള്ള ഭരണമാണ് നമുക്കാവശ്യം. പ്രാദേശിക മദ്യനിരോധന ജനാധികാര വകുപ്പുകൾ പഞ്ചായത്ത് നഗരപാലികാ നിയമം 232, 447 വകപ്പുകൾ പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള മദ്യനിരോധന സമിതി 953 ദിവസം മലപ്പുറത്തും 100 ദിവസം കോട്ടയത്തും 106 ദിവസം തിരുവനന്തപുരത്തും നടത്തിയ സത്യാഗ്രഹത്തിന്റെ ഫലമായി സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന ഓർഡിനൻസ് ഒരു പരിധിവരെ ആശ്വാസപരവും പ്രതീക്ഷാനിർഭരവുമാണ്. പ്രസ്തുത ഓർഡിനൻസിന്റെ പരിധിയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മദ്യശാലകളെയും ഉൾപ്പെടുത്തുമെന്ന് മദ്യവിരുദ്ധകേരളം വിശ്വസിക്കുന്നു. ഈ വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് തിരുവനന്തപുരം സത്യാഗ്രഹം നിറുത്തിവെച്ചിരിക്കുന്നത്. സമ്പൂർണ്ണ മദ്യനിരോധനത്തിലേക്കുള്ള ആദ്യപടിയായി ഞങ്ങൾ ഈ നടപടിയെ കാണുന്നു. മദ്യനിരോധനമെന്ന മഹത്തായ ദൈവീക ശുശ്രൂഷയിലേക്ക് നിങ്ങളേവരെയും ക്ഷണിക്കുന്നു. നിങ്ങൾക്കേവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ഊഷ്മളമായ ആശംസകൾ

# മാത്യൂസ് മാർ ബർന്നബാസ് തിരുമേനി സുവിശേഷം ജീവിതത്തിൽ പകർത്തിയ പ്രബോധന പുത്രൻ

ജേക്കബ് മാത്യു തേവലക്കര

ആഡംബര കാറുകളിൽ ആത്മീയയാത്ര നടത്തുന്നവരുടെ ലോകത്ത് ലൈൻ ബസിന്റെ കമ്പിയിൽ മുറുകെപിടിച്ച് തന്റെ വേല സ്ഥലങ്ങളിലേക്ക് യാത്ര ചെയ്ത മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ പ്രേഷിതയാത്ര സത്യസുവിശേഷത്തിന്റെ പ്രചാരകർക്ക് എന്നും മാർഗദർശനം നൽകും. ദൈവം ഭൂമിയിൽ മനുഷ്യനായി പിറക്കുവാൻ തെരഞ്ഞെടുത്ത സ്ഥലം കാലിത്തൊഴുത്താണ്. കാലിത്തൊഴുത്തിൽ പിറന്ന യേശു ലാളിത്യത്തിന്റെ പ്രതീകമാണ്. ആഡംബരത്തിൽ ദൈവചൈതന്യം ഇല്ല. ആഡംബരം പാപമാണ്. ഇത് പഠിപ്പിക്കാനാണ് ദൈവം ലാളിത്യം തെരഞ്ഞെടുത്തത്. ഈ ആത്മീയ സത്യം ഉൾക്കൊണ്ട് ഇത് ജീവിതത്തിൽ പകർത്തിയ തിരുമേനിയുടെ ജീവിതംതന്നെ സുവിശേഷമായിരുന്നു. ബർന്നബാസ് - പ്രബോധനപുത്രൻ എന്ന നാമധേയം ഇവിടെ അനശ്വരമാകുന്നു.

# കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി



ഫാ.യൗനാൻ മുളമൂട്ടിൽ



ഫാ.കോശി പ്ലാമൂട്ടിൽ

മുംബൈ : മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് പ.കാതോലിക്കാ ബാവായടെ പ്രധാന കാർമ്മികത്വത്തിലും ബോംബെ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ കൂറിലോസ്, തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും ഭദ്രാസനത്തിലെ സീനിയർ വൈദികരായ ഫാ. യൗനാൻ മുളമൂട്ടിൽ, ഫാ.പി.ജെ.ജെയിംസ്, ഫാ.തോമസ് കുര്യൻ, ഫാ.കോശി പ്ലാമൂട്ടിൽ എന്നിവർക്ക് ഡിസംബർ 16ന് കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി.

# ഭ്രാന്തൻ സമൂഹത്തിലെ കിറുക്കൻ കാഴ്ചകൾ

അനീഷ് ബാബു ഹരിപ്പാട്

എനിക്ക് ജീവിക്കണം അമ്മേ. ദില്ലിയിൽ കൂട്ടമാനഭംഗത്തിന് ഇരയായി സിംഗപ്പൂരിലെ ആശുപത്രി കിടക്കയിൽനിന്ന് പ്രാണൻ പിടയുന്ന വേദന കടിച്ചമർത്തി ചെറിയ ഞരക്കങ്ങളാൽ പൂർത്തീകരിച്ച 22കാരി പെൺകുഞ്ഞിന്റെ അവസാന വാക്കുകളാണിത്. സമ്പത്തിനും സുഖസമൃദ്ധിക്കുംവേണ്ടി ചോരക്ക് ചോരയെപ്പോലും തിരിച്ചറിയാതെ പോകുന്ന ഭ്രാന്തൻ ലോകത്തിലെ കിറുക്കൻ കാഴ്ചകൾ കാണേണ്ടിവരിക ഏത് തെറ്റിന്റെ ശിക്ഷയാണ്? മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്താ മാർ ക്രിസോസ്റ്റം തിരുമേനി ദേശാഭിമാനി പത്രത്തിലെഴുതി ഇന്ന് പത്രം വായിക്കുന്നതിനു മുമ്പ് ബ്ലഡ്പ്രഷർ നോക്കേണ്ട സ്ഥിതിയാണ്. കൊലപാതകം, പീഡനം, മോഷണം മുതലായ കാര്യങ്ങളിൽ വളരെ ശാസ്ത്രീയമായി കേരളവും പുരോഗമിച്ചു. അതിന്റെ ഫലമായി രാത്രിയിൽ വീട്ടിയിൽ കിടന്നുറങ്ങാൻപോലും ഭയമാണ്.

പ്രതിഷേധങ്ങളും പ്രകമ്പനങ്ങളും അല്പനേരത്തേക്കുമാത്രം ഒച്ചപ്പാടുയർത്തുന്നതല്ലാതെ കാര്യമായി യാതൊരു പ്രതികരണങ്ങളും ഇന്നത്തെ സമൂഹത്തിൽ ഉയർത്തുന്നില്ലെന്നത് വേദനാജനകമല്ലേ. സാംസ്കാരിക കേരളത്തിലെ ഒരു കോടതിമുറിയിൽനിന്ന് പതിനാലുവയസ്സുകാരിയായ ഒരു പെൺകുഞ്ഞ് സ്വന്തം പിതാവിനെക്കുറിച്ച് പറഞ്ഞ വാക്കുകൾ കൂട്ടിച്ചേർക്കട്ടെ. ഞാൻ പല പ്രാവശ്യം പറഞ്ഞതാണ് എന്നെ ഇത്തരം കാര്യങ്ങൾക്ക് നിർബന്ധിക്കരുതെന്ന്. എന്നിട്ടും അയാൾ എന്നെ പലർക്കും കാഴ്ചവെച്ചു. പിച്ചവെച്ച് നടക്കുംമുതൽക്കെ വീണുപോകാതെ കരംപിടിച്ചു ചേർത്തു നടത്തേണ്ടുന്ന നമ്മുടെ പിതാക്കന്മാർക്ക് ഇതെന്തുപറ്റി. തുള്ളിക്കളിച്ച് അപ്പന്റെ മടിയിൽ കയറിയിരിക്കുന്ന പെൺകുഞ്ഞുങ്ങളെ ചങ്കിടിപ്പോടെ നോക്കിനിൽക്കുന്ന അമ്മമാരുണ്ടായിത്തുടങ്ങിയിരിക്കുന്നു. സൂര്യനെല്ലി, ധർമ്മടം, പറവൂർ തുടങ്ങി കേരളത്തിലെ പല സ്ഥലങ്ങളും പീഡനകഥകളുടെ പേരിൽ ശ്രദ്ധനേടുന്നു. തൊട്ടിലിൽ കിടക്കുന്ന കുഞ്ഞുമുതൽ കട്ടിലിൽ കിടക്കുന്ന വല്യമ്മ വരെ ശാരീരികമായി പീഢിപ്പിക്കപ്പെടുന്നു. പെണ്ണായിപിറന്നത് ഒരു തെറ്റാണോ. പെണ്ണ് കേവലം ഉപഭോഗവസ്തു മാത്രമോ. പണമുണ്ടെങ്കിൽ ഏത് തെറ്റും തെറ്റല്ലാതാകുമെന്ന അബദ്ധധാരണ ദൈവത്തിന്റെ സ്വന്തം നാടിനെ പിശാചിന്റെ പറുദീസാ ആക്കിയിരിക്കുന്നു.

അല്ലെങ്കിലും ഇതൊക്കെ നമ്മുടെ കണ്ണുനനയിക്കുവാൻപോകുന്ന വാർത്തകളല്ലല്ലോ. കേവലം സിനിമാകഥ വായിക്കുംപോലെ ദിനപത്രങ്ങൾ മാറിമാറി വായിച്ചുശീലിച്ച നമ്മൾ ക്രൂരതകളിൽ പുതുമയുണ്ടോ എന്ന് പരതുന്നതല്ലാതെ ഒന്നും കാര്യമായി ഗൗനിക്കാറില്ല. മറ്റുള്ളവരുടെ വേദന പലപ്പോഴും നമ്മൾ ആഘോഷിക്കാറാണ് പതിവ്. അയലത്തെ പെൺകുട്ടി ഇഷ്ടപ്പെട്ടവനൊപ്പം പോയാൽ അത് നമ്മൾ ആഘോഷമാക്കും. എന്നാൽ നമ്മുടെ വീട്ടിലെ പെൺകൊച്ചാണെങ്കിലോ അത് നമുക്ക് വേദന നിറഞ്ഞ അനുഭവമാണ്. അന്യന്റെ വേദന ആഘോഷമാക്കാതെ അനുഭവമായി കാണുന്ന ഒരു തലമുറ നമുക്കുണ്ടാകേണ്ടുന്നത് ഇന്നിന്റെ അനിവാര്യതയായിരിക്കുന്നു.

അവനവനാത്മസുഖത്തിനാചരിപ്പത്

അപരന്സുഖത്തിനായിതീർന്നിടേണമെന്ന് പഠിപ്പിച്ച മാമുനിമാരുടെ നാട്ടിലാണ് നാം ജീവിക്കുന്നത്. ആമോസ് പ്രവാചകൻ ചോദിക്കുന്നു എന്നാൽ നിങ്ങൾ ന്യായത്തെ നഞ്ചായും നീതിഫലത്തെ കാഞ്ഞിരമായും കല്പിക്കുന്നതെന്ത് (ആമോസ്). നീതിയും ന്യായവും പോലും പണാധിപത്യത്തിനും അധികാരാധിപത്യത്തിനും മുമ്പിൽ തലകുനിക്കുന്നു. വിവാദമായ പല പീഢനകേസുകളും തെളിവുകളുടെ അഭാവത്തിൽ തേഞ്ഞുമായുകയും ഇരകൾ ജീവനൊടുക്കുകയും ചെയ്യുന്നു. കേരളത്തിലെ വിവാദപീഢനകേസ് വിചാരണ കാത്ത് (എട്ടുവർഷമായി) ഭാരതത്തിലെ പരമോന്നത നീതിപീഡത്തിലിരിക്കുന്നു എന്നത് തന്നെ അത്ഭുതപ്പെടുത്തുന്നു എന്ന ചീഫ് ജസ്റ്റിസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്.

കച്ചവടവൽകൃത സമൂഹത്തിൽ പരിഷ്ക്കാരത്തിന്റെയും പാശ്ചാത്യ അനുകരണത്തിന്റെയും പേക്കൂത്തുകളിൽ അടിമപ്പെട്ട് സ്ത്രീത്വം വില്പനച്ചരക്കാക്കുന്ന സ്ത്രീകളും ഭാരതീയ സംസ്ക്കാരത്തെ സംസ്ക്കരിച്ചു തുടങ്ങിയിച്ച് കാലം പലതും കഴിഞ്ഞു. ഇനി ഒരു പെൺകുഞ്ഞും വിടരുംമുമ്പെ കൊഴിഞ്ഞുപോകുവാൻ ഇടയായിക്കൂടാ. മാതാപിതാക്കന്മാരെ പണത്തിനു പിന്നാലെ പായാതെ മക്കൾക്ക് പിന്നാലെ പോകൂ. അവരുടെ വാക്കുകൾക്ക് ചെവികൊടുക്കൂ. ഇല്ലെങ്കിൽ അവർ പറയുന്നത് കേൾക്കുക ബസിലെ കിളികളും ഓട്ടോ മാമനും ഒക്കെയാകും. കുഞ്ഞുങ്ങൾക്ക് അവർ ചോദിക്കുന്നതെല്ലാം വാങ്ങിക്കൊടുത്താൽ മാതാപിതാക്കന്മാരുടെ ഉത്തരവാദിത്വം തീരുമോ. മൊബൈലും കമ്പ്യൂട്ടറും ടി.വി.യും ഐപാഡും എല്ലാം തന്നില്ലേ. ഇനി അടങ്ങിയിരുന്നുകൂടെ. എന്തിന്റെ കുറവാ എന്നു പറയുന്നവരോട് ഒരു അനുഭവസാക്ഷ്യം കൂടി പറഞ്ഞുനിർത്തട്ടെ. കോളജ് അദ്ധ്യാപികയായ അമ്മ ഒൻപതാംക്ലാസ്സുകാരന്റെ അത്യാധുനിക സൗകര്യമുള്ള മൊബൈൽഫോൺ യാദൃശ്ചികമായി പരിശോധിച്ചപ്പോൾ കണ്ടത് അമ്മ വസ്ത്രം മാറുന്ന രംഗം ചിത്രീകരിച്ച മകന്റെ അഭ്യാസമാണ്. ഒൻപതു മാസം നൊന്ത് പ്രസവിച്ച പെറ്റതള്ളയുടെ ചങ്കുപൊളിയാൻ ഇതുപോരെ. തമ്പുരാനെ ഇനിയും ഈ ഭ്രാന്തൻ ലോകത്തെ എന്തെല്ലാം കിറുക്കൾ കാണേണ്ടിവരികയും അതിന് ഇരയാവുകയും ചെയ്യേണ്ടിവരും. തിരുവചനം പഠിപ്പിക്കുന്നു. പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകയില്ല. ഈ പേക്കൂത്തുകൾ നീങ്ങിപ്പോകുവാൻ........ വേട്ടയാടപ്പെടാതിരിക്കുവാൻ.............. ഇരയാകാതിരിക്കുവാൻ.......... എന്നിലെ വേട്ടനായ ഉണരാതെ കാക്കുവാൻ..............

## ശതാബ്ദി പ്രഭാഷണം

ചെങ്ങമനാട് : ചക്കുവരയ്ക്കൽ മാർ അപ്രേം ഇടവകയുടെ ആഭിമുഖ്യത്തിൽ കാതോലിക്കേറ്റ് ശതാബ്ദി പ്രഭാഷണം നടത്തി. വികാരി ഫാ.സി.ഡി.തോമസ് വടകോടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫാ.ഡോ.എം.ഒ.ജോൺ മുഖ്യ പ്രഭാഷണം നടത്തി. ട്രസ്റ്റി വൈ.തങ്കച്ചൻ എള്ളുംവിള സ്വാഗതവും സെക്രട്ടറി സി.ശാമുവേൽ കൃതജ്ഞതയും പറഞ്ഞു.

## പുസ്തക പ്രകാശനം

കൊട്ടാരക്കര : വടകോട് സെന്റ് ജോൺസ് ഇടവകാംഗം ഫാ.സി.ഡി.തോമസ് വടകോട് രചിച്ച വിശ്വാസപഠന ഗ്രന്ഥമായ അച്ചനും മേരിക്കുട്ടിയും എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം ഫാ.ഡോ.എം.ഒ.ജോൺ നിർവ്വഹിച്ചു. കൊട്ടാരക്കര - പുനലൂർ ഭദ്രാസന കൗൺസിൽ അംഗം അഡ്വ.അലക്സാണ്ടർ ജോർജ് ആദ്യ പ്രതി ഏറ്റുവാങ്ങി. എ.ഗീവർഗീസ്, ലിബിൻ, തങ്കമ്മ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ലിജോ സ്വാഗതവും ആശാ ജെയിംസ് കൃതജ്ഞതയും പറഞ്ഞു.



ഒ.എസ്.എസ്.എ.ഇ. സൗത്ത് സോൺ സഹപാഠ്യ മത്സരം സീനിയർ വേദവാക്യത്തിൽ രണ്ടാം സ്ഥാനം നേടിയ ജോ. ഐ. ജോർജ്. കുണ്ടറ വലിയപള്ളി സണ്ടേ സ്കൂൾ വിദ്യാർത്ഥിയും കുണ്ടറ എം.ജി.ഡി. ബോയ്സ് ഹൈസ്കൂൾ അദ്ധ്യാപകരായ ഇട്ടി ജോർജിന്റെയും ഷീജ കെ. ഫിലിപ്പിന്റെയും മകനുമാണ്.

# പുതുശേരിയുടെ പിതാവിന്റെ സംസ്ക്കാരം നടത്തി

കല്ലൂപ്പാറ : കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ജോസഫ് എം.പുതുശേരിയുടെ പിതാവ് കൈതയിൽ തെക്കൻനാട്ടിൽ ടി.എ.മാമ്മന്റെ സംസ്ക്കാരം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടന്നു. പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു. തോമസ് മാർ അത്താനാസിയോസ്, ഡോ.മാത്യൂസ് മാർ സേവേറിയോസ്, ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ.സഖറിയാസ് മാർ തെയോഫിലോസ്, ഡോ.മാത്യൂസ് മാർ തീമോത്തിയോസ്, ഡോ.സഖറിയാസ് മാർ അപ്രേം എന്നിവർ സഹകാർമ്മികരായിരുന്നു.

മാർത്തോമ്മാ സഭാദ്ധ്യക്ഷൻ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ. യുയാക്കീം മാർ കൂറിലോസ്, ജോസഫ് മാർ ബർന്നബാസ്, യാക്കോബായ സഭയിലെ ഗീവർഗീസ് മാർ കൂറിലോസ്, ഡോ.ഏബ്രഹാം മാർ യൂലിയോസ്, ഓർത്തഡോക്സ് സഭയുടെ യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ.യാക്കോബ് മാർ ഐറേനിയോസ്, ജോഷ്വാ മാർ നിക്കോദിമോസ്, ക്നാനായ സഭയിലെ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ്, കുറിയാക്കോസ് മാർ ഈവാനിയോസ്, ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ പ്രിസൈഡിംഗ് ബിഷപ്പ് ഡോ.സി.വി.മാത്യു, ബിലിവേഴ്സ് ചർച്ച് അദ്ധ്യക്ഷൻ ഡോ.കെ.പി.യോഹന്നാൻ മെത്രാപ്പോലീത്താ എന്നിവർ വസതിയിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

രാജ്യസഭാ ഉപാദ്ധ്യക്ഷൻ പി.ജെ.കുര്യൻ, സ്പീക്കർ ജി.കാർത്തികേയൻ, മന്ത്രിമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.വി.ഗണേഷ് കുമാർ, കെ.സി.ജോസഫ്, അടൂർ പ്രകാശ്, അനൂപ് ജേക്കബ്, കെ.ബാബു, ചീഫ് വിപ്പ് പി.സി.ജോർജ്, എൻ.എസ്.എസ്. ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ, കെ പി സി സി പ്രസിഡന്റ് രമേശ് ചെന്നിത്തല, എഐസിസി വക്താവ് പി..സി.ചാക്കോ, കേരളകോൺഗ്രസ്(എം) പാർലമെന്ററി പാർട്ടി ലീഡർ ജോസ് കെ.മാണി, സി.എഫ്.തോമസ് എം.എൽ.എ., ജനതാദൾ (എസ്) സംസ്ഥാന പ്രസിഡന്റ് മാത്യു ടി.തോമസ് എം.എൽ.എ., കേരളാ കോൺഗ്രസ് ജേക്കബ് ചെയർമാൻ ജോണി നെല്ലൂർ, കോൺഗ്രസ് - എസ് പ്രസിഡന്റ് കടന്നപ്പള്ളി രാമചന്ദ്രൻ, കേരളാ കോൺഗ്രസ് ചെയർമാൻ പി.സി.തോമസ്, ബി.ജെ.പി. മുൻ സംസ്ഥാന പ്രസിഡന്റ് പി.കെ.കൃഷ്ണദാസ്, എം.പി.മാരായ പി.ടി.തോമസ്, ആന്റോ ആന്റണി, ജോയി ഏബ്രഹാം, എം.എൽ.എ. മാരായ കെ.സുരേഷ് കുറുപ്പ്, മോൻസ് ജോസഫ്, എൻ ജയരാജ്, പി.സി.വിഷ്ണുനാഥ്, രാജു ഏബ്രഹാം, കെ.ശിവദാസൻ നായർ തുടങ്ങിയവർ അന്തിമോപചാരം അർപ്പിച്ചു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കുവേണ്ടി കളക്ടർ വി.എൻ.ജിതേന്ദ്രൻ റീത്ത് സമർപ്പിച്ചു. മലയാള മനോരമയ്ക്കുവേണ്ടി ഡെപ്യൂട്ടി എഡിറ്റർ ജയന്ത് മാമ്മൻ മാത്യു റീത്ത് സമർപ്പിച്ചു. കേന്ദ്ര പ്രതിരോധ മന്ത്രി എ.കെ.ആന്റണി, മഹാരാഷ്ട്രാ ഗവർണർ കെ.ശങ്കരനാരായണൻ, മന്ത്രി കെ.എം.മാണി, പി.ജെ.ജോസഫ് എന്നിവർ അനുശോചനം രേഖപ്പെടുത്തി.

## ഒരുക്കധ്യാനം

പത്തനാപുരം : പിടവൂർ ശാലേം സെന്റ് മേരീസ് പള്ളിയിൽ വി.ദൈവമാതാവിന്റെ പെരുന്നാളിനോടനുബന്ധിച്ചുള്ള ഒരുക്കധ്യാനം ഫാ.സി.ഡി.തോമസ് വടകോട് നടത്തി. വികാരി ഫാ.റ്റി.കെ.തോമസ് നേതൃത്വം നൽകി. ഇടിക്കുള പ്രസംഗിച്ചു.


## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള-673 591, ഫോൺ : 04936-247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993-ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

**Vol. 19 Issue 6**
**January 16-31**

**MALANKARA SABHA DEEPAM**
**P.B. 611, KOTTAYAM - 686001**
**Phone - 0481-2585499, Fax - 0481-2585499**

REG.No.42799/98/H6
REGISTERED No. KL/KTM/ 163/2012-2014

**Rs.2**

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

**ചിരിവര ———— ജോയി കുളനട**




## പുനലൂർ ഓർത്തഡോക്സ് കൺവൻഷൻ

പുനലൂർ : കൊട്ടാരക്കര - പുനലൂർ ഭദ്രാസനത്തിന്റെ പുനലൂർ കേന്ദ്രീകരിച്ചുള്ള സെൻട്രൽ കൺവൻഷൻ ജനുവരി 3 മുതൽ 6 വരെ തീയതികളിൽ ചെമ്മന്തൂർ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്ക്കൂൾ അങ്കണത്തിൽവെച്ച് ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ തേവോദോറോസിന്റെ അദ്ധ്യക്ഷതയിൽ സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

വിവിധ ദിവസങ്ങളിൽ ഫാ.തോമസ് പി. മുകളിൽ, ഫാ.വർഗീസ് വർഗീസ് മീനടം, ഫാ.ഷാലു ലൂക്കോസ് തിരുമംഗലം, ഫാ. സജി അമയിൽ, ഫാ.ഫിലിപ്പ് തരകൻ തേവലക്കര, അജി വർഗീസ് ബത്തേരി തുടങ്ങിയവർ പ്രസംഗിച്ചു. ജനുവരി 5ന് രാവിലെ സിസ്റ്റർ ജെറമയിന്റെ നേതൃത്വത്തിൽ സത്സംഗമം യുവജനങ്ങൾക്കുവേണ്ടി നടത്തി. കൺവൻഷൻ നടത്തിപ്പിനുവേണ്ടി ഫാ.വൈ.മാത്യു, ഫാ.ജി.കോശി ഒറ്റപ്ലാമൂട്ടിൽ, അഡ്വ.ഏബ്രഹാം ഡാനിയേൽ തുടങ്ങിയവർ പ്രവർത്തിച്ചു.

## സമൂഹത്തിൽ മൂല്യം കുറയുന്നു : ഡോ.സഖറിയാസ് മാർ അപ്രേം

പത്തനാപുരം : ജീവിതസാഹചര്യങ്ങളിലെ മുന്നേറ്റവും, മത - സാംസ്ക്കാരിക - രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിലെ പ്രാഗത്ഭ്യവും ഈ കാലഘട്ടത്തിൽ വളരെയേറെ കൈവരിക്കുവാൻ കഴിഞ്ഞുവെങ്കിലും മൂല്യമുള്ള മനുഷ്യരുടെ എണ്ണം ദിനം കഴിയുന്തോറും കുറയുകയാണെന്ന് അടൂർ - കടമ്പനാട് ഭദ്രാസനാധിപൻ ഡോ.സഖറിയാസ് മാർ അപ്രേം അഭിപ്രായപ്പെട്ടു. പതിനാറാമത് പത്തനാപുരം സെന്റർ ഓർത്തഡോക്സ് കൺവൻഷന്റെ പ്രഥമ യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സുവിശേഷ പ്രഘോഷണങ്ങൾ ഒരു അളവുവരെയെങ്കിലും നഷ്ടപ്പെട്ടുപോയ സമൂഹത്തെ തിരികെ എത്തിക്കും എന്ന വലിയ പ്രത്യാശയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ മൗണ്ട് താബോർ കോർപറേറ്റ് മാനേജർ ഫാ.കെ.എ.ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. കൺവൻഷന്റെ ഭാരവാഹികളെ യോഗം തെരഞ്ഞെടുത്തു. ഏപ്രിൽ 10 മുതൽ 14 വരെ പത്തനാപുരം മാർത്തോമ്മാ ദീവന്നാസിയോസ് നഗറിലാണ് കൺവൻഷൻ നടക്കുന്നത്.

## തുമ്പമൺ ഭദ്രാസന ദേവാലയപെരുന്നാൾ

തുമ്പമൺ : സെന്റ് മേരീസ് ഓർത്തഡോക്സ് ഭദ്രാസന ദേവാലയത്തിൽ വി.ദൈവമാതാവിന്റെ ഓർമ്മപ്പെരുന്നാളും പ.ശീമോൻ മാർ ഇഗ്നാത്തിയോസ് അഹത്തള്ള പാത്രിയർക്കീസ് ബാവായുടെ 360-ാമത് ഓർമ്മപ്പെരുന്നാളും, പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 48-ാമത് ഓർമ്മപ്പെരുന്നാളും ജനുവരി 6 മുതൽ 17 വരെ തീയതികളിൽ മെത്രാപ്പോലീത്തന്മാരായ ഡോ.യാക്കോബ് മാർ ഐറേനിയോസ്, ഡോ.സഖറിയാ മാർ തെയോഫിലോസ്, ചെന്നൈ ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ്, ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷിച്ചു. വിവിധ ദിവസങ്ങളിലായി നടക്കുന്ന പെരുന്നാളിന് വികാരി ഫാ.ജോൺസൺ കല്ലിട്ടതിൽ, സഹവികാരിമാരായ ഫാ.കോശി ഏബ്രഹാം, ഫാ.ജേക്കബ് ചാക്കോ, ഫാ.ജോൺ വർഗീസ്, സോണി അലക്സ്, കോശി റ്റി വർക്കി, കെ.വി.ബാബു, ജോർജ്ജ് മാത്യു, ജോൺ കോശി, സഖറിയാ വർഗീസ്, ഷിബു കെ.ഏബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി.

## ബൂലോകം സൂപ്പർ ബ്ലോഗ്ഗർ അവാർഡ് കാർട്ടൂണിസ്റ്റ് ജോയി കുളനടക്ക്



മലയാളത്തിലെ ഇന്റർനെറ്റ് എഴുത്തിലെ ഏറ്റവും വലിയ അവാർഡായ ബൂലോകം സൂപ്പർബ്ലോഗ്ഗർ അവാർഡിന് പ്രഗത്ഭ കാർട്ടൂണിസ്റ്റ് ജോയി കുളനട അർഹനായി. ഇരുനൂറ്റി അൻപതോളം ഇന്റർനെറ്റ് എഴുത്തുകാർക്കിടയിൽനിന്നും പതിനായിരക്കണക്കിനു വായനക്കാരും ഫേസ്ബുക്ക് ഉപയോക്താക്കളും ചേർന്ന് വോട്ടിങ്ങിലൂടെയാണ് അദ്ദേഹത്തെ അവാർഡിനായി തെരഞ്ഞെടുത്തത്. 25000 രൂപയും പ്രശസ്തിപത്രവുമാണ് സമ്മാനം ഏപ്രിലിൽ കോട്ടയത്ത് ചേരുന്ന ഇന്റർനെറ്റ് എഴുത്തുകാരുടെ കൂട്ടായ്മയിൽ അവാർഡുദാനം നിർവ്വഹിക്കും.

കാർട്ടൂൺരംഗത്ത് തനതായ ഒരു ശൈലിയിലൂടെ കഴിഞ്ഞ നൽപതുവർഷമായി നിറഞ്ഞുനിൽക്കുന്ന ശ്രീ.ജോയി കുളനട, രണ്ടുവർഷത്തോളം മുമ്പ് ഇലക്ട്രോണിക് പത്രങ്ങളിലൂടെയും അതിവിജയകരമായ ചുവടുവെയ്പ്പു നടത്തി. മനോരമ ദിനപത്രത്തിലെ കാർട്ടൂണുകൾ, മനോരാജ്യം വാരികയിലെ എഴുത്തുകാരുടെ ഡയറി, ഗൾഫ് കോർണർ, മാതൃഭൂമി പത്രത്തിലെ സൈലൻസ് പ്ലീസ് തുടങ്ങിയ പംക്തികളിലൂടെ മലയാളികൾക്ക് സുപരിചിതനായ ശ്രീ.ജോയി കുളനട, ബൂലോകം.കോമിലൂടെ ഇന്റർനെറ്റ് എഴുത്തുലോകത്തും ഏറെ പ്രശസ്തിനേടിയിട്ടുണ്ട്. രണ്ടു ദശാബ്ദത്തോളം പ്രവാസജീവിതത്തിനുശേഷം ഇപ്പോൾ നാട്ടിൽ ഫ്രീലാൻസ് കാർട്ടൂണിസ്റ്റ്. അറുപത്തിഒൻപതിൽ മലയാളനാട് വാരികയിൽ ആദ്യ കാർട്ടൂൺ, നിരവധി മലയാളം ആനുകാലികങ്ങളിൽ പിന്നീട് കാർട്ടൂൺ പ്രസിദ്ധീകരിച്ചു. ഏറ്റവും അധികം നിശബ്ദ കാർട്ടൂൺ വരച്ച മലയാളി കാർട്ടൂണിസ്റ്റ് എന്ന റിക്കാഡിന് ഉടമ. കേരള കാർട്ടൂൺ അക്കാദമി മുൻ വൈസ് ചെയർമാൻ. ഇപ്പോൾ കേരളാ ആനിമേഷൻ അക്കാദമി ചെയർമാൻ. പ്രശസ്ത ബ്ലോഗ്ഗറും ചെറുകഥാകൃത്തുമായ ജയൻ ഏവൂർ രണ്ടാം സ്ഥാനം നേടി.

## ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ ഓർമ്മ

പത്തനംതിട്ട : ഭാഗ്യസ്മരണാർഹനായ ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ നാലാം ഓർമ്മപ്പെരുന്നാൾ ജനുവരി 25, 26 തീയതികളിൽ തിരുമേനി കബറടങ്ങിയിരിക്കുന്ന ബേസിൽ അരമന ചാപ്പലിൽ നടക്കുകയാണ്. 25-ാം തീയതി വൈകിട്ട് 6 മണിക്ക് സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് പ്രൊഫ.ജോൺ കുര്യൻ അനുസ്മരണ പ്രഭാഷണം നടത്തും. ബാംഗ്ലൂർ ഭദ്രാസനാധിപൻ ഏബ്രഹാം മാർ സെറാഫീം മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ 26-ാം തീയതി രാവിലെ വി.കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും ഉണ്ടായിരിക്കും.

## 17 മെത്രാസനങ്ങളുടെ ചരിത്രഗ്രന്ഥം പുറത്തിറങ്ങി

മലങ്കര ഓർത്തഡോക്സ് സഭയിൽ ആദ്യമായി 17 മെത്രാസനങ്ങളുടെ ചരിത്രം സ്ഥിതിവിവരക്കണക്ക് സ്ഥാപനങ്ങളുടെ പ്രവർത്തനം തുടങ്ങിയവയെക്കുറിച്ച് 28 ഇടയന്മാർ നൽകിയ സമഗ്ര വിവരങ്ങൾ പുസ്തകമായി പുറത്തിറങ്ങി. വലിയ ബാവാ, പ.കാതോലിക്കാ ബാവാ ഉൾപ്പെടെ 21 ബിഷപ്പുമാർ, 3 റമ്പാച്ചന്മാർ, 4 വൈദികർ എന്നിവരുമായി റോയ് ചാക്കോ ഇളമണ്ണൂർ നടത്തിയ അഭിമുഖമാണ് 28 ഇടയന്മാർ പറയുന്നു എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചത്. 1100-ൽപരം ചോദ്യങ്ങൾക്ക് അവരിൽനിന്ന് ലഭിച്ച മറുപടിയിൽ ആചാര്യന്മാരുടെ ആത്മീയ ചിന്താധാരകളും ജീവിതവീക്ഷണവും സഭയുടെ കാരുണ്യപ്രവർത്തനങ്ങളും വികസനപദ്ധതികളും പ്രതിഫലിക്കുന്നു.

മിഷൻ പ്രവർത്തനങ്ങൾക്ക് സഭാപ്രതിഭ അവാർഡ് നേടിയ പ്രൊഫ.ഡി.മാത്യുവാണ് 456 പേജുള്ള ഈ അഭിമുഖഗ്രന്ഥത്തിന്റെ പ്രസാധകൻ. മതപണ്ഡിതൻ ഡോ.ഡി.ബാബു പോളിന്റേതാണ് അവതാരിക. വേദശാസ്ത്രജ്ഞന്മാരായ ഫാ.ഡോ.റ്റി.ജെ.ജോഷ്വാ, ഫാ.ഡോ.കെ.എം.ജോർജ്, മലങ്കരസഭാപത്രിക എഡിറ്റർ ഡോ.ജോസ് പാറക്കടവിൽ എന്നിവർ ഗ്രന്ഥത്തെ വിലയിരുത്തി തയ്യാറാക്കിയ അനുബന്ധ ലേഖനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പുസ്തകത്തിന്റെ പ്രകാശനം തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ജനുവരി 20ന് വൈകിട്ട് കൊട്ടാരക്കര ഓർത്തഡോക്സ് കൺവൻഷൻ ഉദ്ഘാടനത്തോടനുബന്ധിച്ച് നിർവ്വഹിച്ചു. ഡോ.യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ അദ്യപ്രതി ഏറ്റുവാങ്ങി.

## റവ.ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പായ്ക്ക് മാർ തെയോഫിലോസ് അവാർഡ്

കൊച്ചി : മലങ്കരയുടെ അംബാസിഡർ എന്നറിയപ്പെട്ടിരുന്ന ഓർത്തഡോക്സ് സഭയുടെ അങ്കമാലി - മുംബൈ മെത്രാസനങ്ങളുടെ അധിപനും അഖിലലോക സഭാ കൗൺസിൽ നേതാവുമായിരുന്ന കാലംചെയ്ത ഡോ.ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി കമ്മ്യൂണിറ്റി ലീഡർഷിപ്പ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയിട്ടുള്ള പ്രഥമ തെയോഫിലോസ് അവാർഡിന് കേരളാ മദ്യനിരോധന സമിതി പ്രസിഡന്റും കേരളാ ശാന്തി സമിതി സംസ്ഥാന ഉപാദ്ധ്യക്ഷനും പ്രമുഖ സാമൂഹിക സാംസ്ക്കാരിക പ്രവർത്തകനുമായ ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ അർഹനായി. സാമൂഹിക സേവന രംഗത്തെ സമഗ്രസംഭാവനകളെ മുൻനിർത്തിയാണ് ഈ അവാർഡ് നൽകുന്നതെന്ന് മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ഡോ.സി.ജെ.റോയി, പ്രൊഫ.ബേബി എം.വർഗീസ്, തേക്കിൻകാട് ജോസഫ്, സെക്രട്ടറി തോമസ് നീലാർമഠം എന്നിവർ പത്രക്കുറിപ്പിൽ പറഞ്ഞു. പതിനായിരത്തൊന്നു രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് അവാർഡ്.

## ധ്യാനവും മദ്ധ്യസ്ഥപ്രാർത്ഥനയും

കുണ്ടറ : കൊല്ലം ഭദ്രാസന പ്രാർത്ഥനായോഗത്തിന്റെ ആഭിമുഖ്യത്തിൽ കുണ്ടറ കൺവൻഷനോടനുബന്ധിച്ച് ജനുവരി 4 വെള്ളിയാഴ്ച കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽവെച്ച് സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ധ്യാനവും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി.

**Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor**